# സി.ഇ.എം. ന്യൂസ്

ഡിസംബർ 2017

VOL. XXX NO. 32 | ISSUE - 2 | PUBLISHED FROM THIRUVALLA | 8 PAGES | 2017 DECEMBER | FOR PRIVATE CIRCULATION ONLY


# സി.ഇ.എം വജ്രജൂബിലി ജനറൽ ക്യാമ്പ് കുട്ടിക്കാനത്ത്

## ഡിസംബർ 25 മുതൽ 27 വരെ മാർ ബസ്സേലിയോസ് എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസ്സിൽ



തിരുവല്ല ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് 60-ാമത് (വജ്രജൂബിലി ജനറൽ ക്യാമ്പ്) ഡിസംബർ 25 മുതൽ 27 വരെ ബസ്സേലിയോസ് എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസ്സിൽ വെച്ച് നടത്തപ്പെടും. രൂപാന്തരം (Transformation) എന്നതാണ് ക്യാമ്പ് തീം. തിങ്കൾ രാവിലെ 8.30 മണിക്ക് സി.ഇ.എം ജനറൽ സെക്രട്ടറി പാസ്റ്റർ. ജോർജ്ജ് മുണ്ടകന്റെ അദ്ധ്യക്ഷതയിൽ ജന. പ്രസിഡന്റ് പാസ്റ്റർ. ഫിലിപ്പ് എബ്രഹാം ഉദ്ഘാടനം ചെയ്യുന്നതും തുടർന്നുള്ള സെക്ഷനുകളിൽ

റവ: പാസ്റ്റർ ജോൺ തോമസ്സ്, റവ: ടി. ജി. കോശി, റവ: ഡോ.റ്റി.പി എബ്രഹാം, പാസ്റ്റർ പി.എം ജോൺ പാസ്റ്റർ എബ്രഹാം ജോസഫ്, റവ ഫിന്നി ജേക്കബ്, പാസ്റ്റർ. കെ. ജി. മാത്യു, ഇവ. സാജൻ ജോയ് (ബാംഗ്ലൂർ), ഡോ. എബി.പി.മാത്യു (ബീഹാർ), റവ.ഡോ.മാത്യൂ. സി. വർഗ്ഗീസ് (മണക്കാല), റവ. സാം.കെ.ജേക്കബ് (തിരുവല്ല), സുവി.ജിഫി യോഹന്നാൻ (എറണാകുളം), ശ്രീ. എൻ.സി രാജ് മോഹൻ (Dy.S.P കട്ടപ്പന) തുടങ്ങിയവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിക്കും. ഡോ. ബ്ലെസൻ മേമന, ബ്രദർ. ലോഡ്സൺ, സുവി. സ്റ്റാൻലി മാത്യു, ജോമോൻ എന്നിവർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. സി.ഇ.എം ജൂനിയർ ക്യാമ്പിൽ ട്രാൻസ്ഫോമേഴ്സ് ഇന്ത്യ, ക്ലാസ്സുകൾ നയിക്കും. കൗൺസിലിംഗ് സെക്ഷനുകളിൽ റവ. ഡോ.ജെയിംസ് ജോർജ്ജ് വെൺമണി, പാസ്റ്റർ എബ്രഹാം മന്ദമരുതി കുറ്റപ്പുഴ, സിസ്റ്റർ സ്നേഹ സേവ്യർ തുടങ്ങിയവർ ക്ലാസ്സുകൾ എടുക്കും.

ഹൃദ്യമായ ആരാധന നിമിഷങ്ങൾ, മികവുറ്റ ദൈവ വാചന ക്ലാസ്സുകൾ, മിഷൻ ചലഞ്ച്, ഗ്രൂപ്പ് ചർച്ചകൾ, ബൈബിൾ സ്റ്റഡി, മ്യൂസിക് നൈറ്റ്, അഭിഷേകത്തിനായുള്ള കാത്തിരിപ്പ് യോഗങ്ങൾ, ഗെയിമുകൾ, വിഭവസമൃദ്ധമായ ഭക്ഷണം, തുടങ്ങി നിരവധി പ്രത്യേകതകൾ ആണ് ക്യാമ്പിനുള്ളത്. ക്യാമ്പ് പ്രോഗ്രാമുകൾ ലൈവ് ആയി കാണുവാൻ www.liveteam.in ശ്രദ്ധിക്കാവുന്നതാണ്. 60-ാംമത് ക്യാമ്പിന്റെ വിജയകരമായ നടത്തിപ്പിനായി പാസ്ററർമാരായ ഫിലിപ്പ് എബ്രഹാം, ജോർജ്ജ് മുണ്ടകൻ, ജോമോൻ ജോസഫ് എന്നിവർ ജനറൽ കൺവീനർമാരായി വിപുലമായ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു. ക്യാമ്പ് ഫീസ് സീനിയേഴ്സ് 200 രൂപയും, ജൂനിയർ അംഗത്തിനു(13 വയസ്സിനു താഴെ) 150 രൂപയും ആണ്.

## പരിശുദ്ധാത്മ ശക്തിയുടെ സാന്നിധ്യം; കാലഘട്ടത്തിന്റെ ആവശ്യം: റവ. ജോൺ തോമസ്



ശാരോൻ ഫെലോഷിപ്പ് സഭകളുടെ ജനറൽ കൺവൻഷൻ സഭാ പ്രസിഡന്റ് റവ.ജോൺ തോമസ് ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർ ഫെബിൻ ബോസ് കുരുവിള പരിഭാഷപ്പെടുത്തുന്നു.

**തിരുവല്ല:** ഇന്നത്തെ കാലഘട്ടത്തിൽ പരിശുദ്ധാത്മ ശക്തിയുടെ സാന്നിധ്യമാണ് വിശ്വാസ സമൂഹത്തിന് അനിവാര്യമായിരിക്കുന്നത്. വെള്ളത്തിന്മീതെ പരിവർത്തിച്ചു കൊണ്ടിരുന്ന ആത്മാവിന് ഏതു തകർന്ന സാഹചര്യങ്ങളെയും വ്യത്യാസപ്പെടുത്താൻ കഴിയും. ജീവദായകവും ശക്തിദായകവുമായ ദൈവാത്മാവിന് പ്രവർത്തന സ്വാതന്ത്ര്യം സഭകളിൽ ഉണ്ടാകുമ്പോഴാണ് ആത്മാക്കൾ സഭയിലേക്ക് ആകർഷിക്കപ്പെടുന്നതെന്ന് ശാരോൻ ഫെലോഷിപ്പ് സഭകളുടെ 2017ലെ ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് സഭാ പ്രസിഡന്റ് റവ.ജോൺ തോമസ് പ്രസ്താവിച്ചു. പാസ്റ്റർ പി.ജി. ജേക്കബ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ ഏബ്രഹാം ജോസഫ് സങ്കീർത്തനം വായിച്ചു. പാസ്റ്റർ കോശി ഉമ്മൻ മുഖ്യസന്ദേശം നൽകി.

തുടർന്നുള്ള ദിവസങ്ങളിൽ റവ.റ്റി.ജി കോശി, പാസ്റ്റർ ബെനിസൻ മത്തായി, ഡോ.മാത്യു വർഗീസ്, ഡോ. തോമസ് ഏബ്രഹാം, റവ.ജോൺ ജോൺസൺ തുടങ്ങിയവരും ശാരോൻ ഫെലോഷിപ്പിലെ മറ്റ് അനുഗ്രഹീത ദൈവദാസന്മാരും പ്രസംഗിക്കും. പരിവർത്തിക്കുന്ന ആത്മാവ് എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. ശാരോൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു. നവംബർ 27 ന് ആരംഭിച്ച കൺവൻഷൻ ഡിസംബർ 3ന് സംയുക്ത ആരാധനയോടുകൂടി സമാപിക്കും.

എല്ലാ ദിവസവും രാവിലെ 7.30 മുതൽ 8.30 വരെ ബൈബിൾ സ്റ്റഡി നടന്നു. ചൊവ്വ മുതൽ വെള്ളിവരെ രാവിലെ 9.30 മുതൽ പാസ്റ്റേഴ്സ് മീറ്റിംഗ് നടന്നു. വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസുകളും സെമിനാറുകളുമായിരിക്കും ഈ കോൺഫറൻസിൽ നടത്തപ്പെട്ടു. ഇതോടൊപ്പം പാസ്റ്റേഴ്സിന്റെ ഓഡിനേഷൻ ശുശ്രൂഷയും നടത്തപ്പെട്ടു. ഇതേ സമയം കൺവൻഷൻ ഗ്രൗണ്ടിൽ വിശ്വാസികൾക്കുവേണ്ടി പ്രത്യേക യോഗങ്ങൾ ക്രമീകരിച്ചിരുന്നു. ഈ ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മുതൽ മിഷൻ സമ്മേളനങ്ങൾ, മിഷൻ ചലഞ്ച്, കാത്തിരിപ്പുയോഗം തുടങ്ങിയുള്ള മീറ്റിംഗുകൾ നടന്നു. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് ബാഹ്യകേരളാ സഭകളിലെ ശുശ്രൂഷകന്മാരുടെ പ്രത്യേക സമ്മേളനവും നടത്തപ്പെട്ടു.

ശനിയാഴ്ച രാവിലെ 9 മുതൽ സഹോദരി സമ്മേളനം ശാരോൻ ഓഡിറ്റോറിയത്തിൽ നടക്കും. മിസ്സിസ് ഏലിയാമ്മ കോശിയുടെ അധ്യക്ഷതയിൽ

ശേഷം പേജ് 5



ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പുത്രികാ സംഘടനയായ സി.ഇ.എം. വജ്രജൂബിലി വർഷത്തിൽ ചെയ്തുവരുന്ന സുവിശേഷീകരണ -ജീവകാരുണ്യ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്. നമ്മുടെ സഭകളിലെ യുവജനങ്ങൾക്കും അശരണർക്കും പ്രവർത്തനങ്ങൾ ആശ്വാസമായിതീരട്ടെ. 2017 ഡിസംബറിൽ നടക്കുന്ന സി.ഇ.എം. വജ്രജൂബിലി ക്യാമ്പിന് എല്ലാവിധ ആശംസകളും നേരുന്നു.

**റവ. ജോൺ തോമസ്**
സഭാ ജനറൽ പ്രസിഡന്റ്

## ക്ഷണക്കത്ത്

കർത്താവിൽ ബഹുമാന്യ ദൈവജനത്തിന് ക്രിസ്തീയ വന്ദനം,

കർത്താവിൽ പ്രിയരെ,

നമ്മുടെ 60-ാംമത് (വജ്രജൂബിലി) ജനറൽ ക്യാമ്പ് 2017 ഡിസംബർ 25 തിങ്കൾ മുതൽ 27 ബുധൻ വരെ മാർ ബസ്സേലിയോസ് എഞ്ചിനിയറിംഗ് കോളേജ് ക്യാമ്പസ്സിൽ വച്ച് നടക്കുകയാണ്. പ്രകൃതി രമണീയമായ ഹൈറേഞ്ചിൽ സി.ഇ.എം അംഗങ്ങൾ ഒത്തുചേരുന്ന ഈ ആത്മീയസംഗമം നമുക്ക് ഏറെ അനുഗ്രഹമായിരിക്കും. വളരെ അച്ചടക്കത്തോടും, ദൈവാശ്രയബോധത്തോടും ക്രമീകൃതമായി കഴിഞ്ഞനാളുകളിൽ ക്യാമ്പ് നടന്നിട്ടുള്ളത് ചാരിതാർത്ഥ്യ ജനകമാണ്.

ഈ വജ്രജൂബിലി വർഷവും നിങ്ങൾ ഏവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെ. രൂപാന്തരം (Transformation) എന്നതാണ് ക്യാമ്പ് തീം. നമ്മുടെ യുവജനങ്ങളെ രൂപാന്തരത്തിലേക്കു നയിക്കുവാൻ ഈ ക്യാമ്പ് കാരണമാകുമെന്ന് ഏറെ പ്രതീക്ഷിച്ചുകൊണ്ട് ഏവരേയും മാർ ബസ്സേലിയോസ് കോളേജിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിനുവേണ്ടി,

**പാസ്റ്റർ. ജോർജ്ജ് മുണ്ടകൻ**
(ജനറൽ സെക്രട്ടറി)

CEM EXCECUTIVE COMMITTEE

Pr.Philip Abraham
General President
9447366239

Pr.Sovi Mathew
Vice President
9747371538

Pr. Rajeev G.
Vice President
9495219441

Pr.George Mundakan
General Secretary
9447010319

Nikhil Savier
Jt. Secretary
9946271385

Bro. Aby Baby
General Treasurer
9447331348

Pr. Jose George
Jt. Treasurer
9744351755

Pr. Jomon Joseph
General Co-ordinator
8301090774

Pr.Samson P. Thomas
Membership Secretary
9746806423

Bro. Roshi Thomas
Talent Test
9847665044

Pr. Siji Johnson
Media & Literature
9037620637

Pr. G. Jose
Publicity
9447594531

MEMBERS

Pr. Samkutty John
9446797712

Pr. M.J. Varghese
9446542261

Pr. Suresh Kumar R. P.
9895417984

Pr. Binu Abraham
9486511491

Pr. Habel G.
9447592541

Pr. Biju Joseph
9995695573

Pr. Tony Thomas
8129544936

Pr. Sajomon
9495127794

Pr. Shibu Mathew
+9715 69832949

Pr. Saju Ponnuse
9447293000

Bro. Ajith George
9656298993

# പ്രസിഡന്റിന്റെ സന്ദേശം



**പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം**

ബഹുമാന്യ കർത്തൃദാസന്മാർക്കും വിശ്വാസസമൂഹത്തിനും സി.ഇ.എം പ്രവർത്തകർക്കും അംഗങ്ങൾക്കും സ്നേഹവന്ദനം.

സി.ഇ.എം വജ്രജൂബിലി വർഷത്തെ പ്രവർത്തനങ്ങൾ 2017 ഏപ്രിൽ 18 ന് പ്രാർത്ഥിച്ച് ആരംഭിച്ച നാൾ മുതൽ ഓരോ ദിനവും സർവ്വശക്തന്റെ കരം അനുഭവിച്ചറിയുവാൻ ഇടയാകുന്നു. ദൈവനിയോഗമനുസരിച്ച് പ്രാർത്ഥനയോടെയും വിശ്വാസത്തോടെയും ആരംഭിച്ച എല്ലാ പ്രവർത്തന പദ്ധതികളെയും ദൈവം അനുഗ്രഹിച്ചു. സുവിശേഷീകരണ, ജീവകാരുണ്യപ്രവർത്തന മേഖലകളിൽ പ്രതീക്ഷിച്ചതിനേക്കാൾ ഉപരി മുമ്പോട്ടു പോകുവാൻ കൃപ നൽകുന്നു. മഹത്വം ദൈവത്തിനർപ്പിക്കുന്നു. അതോടൊപ്പം പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന സഭാ കൗൺസിലിനോടും പ്രാർത്ഥനയും കൈത്താങ്ങലും നൽകുന്ന എല്ലാ സഭകളോടും ദൈവദാസൻമാരോടും വിശ്വാസികളോടുമുള്ള നന്ദി അറിയിക്കുന്നു.

സി.ഇ.എം പ്രവർത്തനങ്ങൾ ലോക്കൽ തലം മുതൽ സജീവമായി മുന്നേറുന്നു. എക്സിക്യൂട്ടീവ്, ജനറൽ, റീജിയൻ, സെന്റർ, സെക്ഷൻ, ലോക്കൽ തലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ സി.ഇ.എം പ്രവർത്തകരും അഭിനന്ദനം അർഹിക്കുന്നു. അതാതു മേഖലകളിൽ വിവിധ നിലകളിൽ സുവിശേഷീകരണ പ്രവർത്തനങ്ങൾ, ഏകദിന സമ്മേളനങ്ങൾ, ക്ലാസ്സുകൾ, കൗൺസിലിംഗ് ക്ലാസുകൾ ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിൽ പ്രവർത്തകർ കാണിക്കുന്ന ഉത്സാഹം പ്രശംസനീയമാണ്. കേരളത്തിലും വടക്കേ ഇൻഡ്യയുടെ പല സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും സി.ഇ.എം പ്രവർത്തനങ്ങൾ കഴിഞ്ഞ കാലങ്ങളിലേക്കാൾ ഏകീകൃതമായും ശക്തമായും നടക്കുന്നതിൽ സന്തോഷമുണ്ട്. നമ്മുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നറിഞ്ഞ് കർത്തൃവേലയിൽ ഐക്യതയോടെ മുന്നേറാം.

ദമസ്കോസിന്റെ പടിവാതിൽക്കൽ വെച്ച് ദൈവീക സന്ദർശനത്താൽ മാനസാന്തരപ്പെട്ട പൗലോസ് അപ്പോസ്തലൻ ഗലാത്യലേഖനം 1-ാം അദ്ധ്യായം 15 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന പദങ്ങൾ ശ്രദ്ധേയമാണ്. ജനനം മുതൽ എന്നെ വേർതിരിച്ച ദൈവം. ദൈവ സഭയെ ഇല്ലാതാക്കാൻ കച്ചകെട്ടിയിറങ്ങിയപ്പോഴാണ് പൗലോസ് കർത്താവിനെ കാണുന്നത്. എന്നാൽ ഇവിടെ പ്രസ്താവിക്കുന്നത് എന്റെ ജനനം മുതൽ എന്നെ വേർതിരിച്ച് കൃപയാൽ വിളിച്ച ദൈവത്തെക്കുറിച്ചാണ്. മാത്രമല്ല എന്തിനായി വേർതിരിച്ചെന്ന തിരിച്ചറിവും അത് പൂർത്തീകരിപ്പാൻ വ്യഗ്രതയോടെ പ്രവർത്തിച്ചതും രേഖപ്പെടുത്തിയിരിക്കുന്നു. ജാതികളുടെ ഇടയിൽ സുവിശേഷം അറിയിക്കേണ്ടതിനായിട്ടാണ് തന്നിൽ പ്രസാദിച്ചത് എന്നറിവ് ഉണ്ടായപ്പോൾ മാനുഷിക ബന്ധങ്ങളോ മുൻപരിചയങ്ങളോ അതിന് വിഘാതമാകാതെ ദൈവം നൽകിയ ദൗത്യത്തിനായി തയ്യാറാകുന്നു.

ഈ തിരിച്ചറിവാണ് നമ്മെയും നയിക്കേണ്ടത്. എന്റെ ജനനം തന്നെ ദൈവീക പദ്ധതിയായിരുന്നുവെന്നും യിരെമ്യാവിനെപ്പോലെ അമ്മയുടെ ഉദരത്തിൽവെച്ച് തന്നെ എന്നെ വേർതിരിച്ച് നിയമിച്ചതാണെന്നും ഉള്ള ബോധ്യം നമുക്കുണ്ടാകണം. മാത്രമല്ല പ്രത്യേകാൽ ചില ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതിനായുള്ള ഉത്തരവാദിത്വം ഉണ്ടെന്നും അതിന് തടസ്സമായി ഒന്നും ഉണ്ടാകാൻ പാടില്ല എന്ന തീരുമാനവും നമ്മെ മുമ്പോട്ട് നയിക്കേണം. ഇതുവരെ അത് തിരിച്ചറിഞ്ഞില്ല എങ്കിൽ ഇപ്പോഴെങ്കിലും അത് ഗ്രഹിയ്ക്കുക.

ഈ തലമുറയിൽ ചെയ്തു തീർക്കേണ്ടതെല്ലാം പൂർത്തിയാക്കി 'വിശ്വസ്തദാസനേ' എന്ന വിളിക്ക് യോഗ്യരായിത്തീരേണ്ടതിനായി നമുക്ക് സമർപ്പിക്കാം. പ്രാണനെപ്പോലും വിലയേറിയതായി എണ്ണാതെ ദൈവം തന്ന ശുശ്രൂഷ തികയ്ക്കേണം എന്ന തീരുമാനത്തോടെ പ്രവർത്തിച്ച പൗലോസ് നമുക്ക് മാതൃകയായിത്തീരട്ടെ. പിതാവ് ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കി ക്രൂശിൽ വെച്ച് സകലവും നിവൃത്തിയായ് എന്നരുളിയ ആത്മനാഥൻ നമ്മുടെ കൂടെയുണ്ട് ഭയപ്പെടാതെ മുന്നേറാം.

# വജ്രജൂബിലി നിറവിൽ നൂതന പദ്ധതികളുമായി സി.ഇ.എം



**പാസ്റ്റർ ജോർജ്ജ് മുണ്ടകൻ**
(ജനറൽ സെക്രട്ടറി)

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ യുവജനവിഭാഗമായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ എല്ലാ പ്രവർത്തകർക്കും ദൈവദാസൻമാർക്കും സ്വദേശജനങ്ങൾക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

1953 ഏപ്രിൽ 15ന് പാസ്റ്റർ പി.ജെ തോമസ്സിന്റെ നേതൃത്വത്തിൽ തിരുവല്ലയിൽ കൂടിയ ദൈവദാസൻമാരുടെ ശ്രമഫലമായി രൂപം കൊണ്ട യുവജനപ്രസ്ഥാനമാണ് സി.ഇ.എം. കഴിഞ്ഞ 60 വർഷങ്ങൾ സുവിശേഷീകരണം എന്ന മഹാ ദൗത്യവുമായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പടർന്നു പന്തലിച്ചു. കാലാകാലങ്ങളിൽ ആത്മനിയോഗത്തോടെ നേതൃത്വം നൽകിയ ദൈവദാസൻമാരുടെ സമർപ്പണം യുവജനപ്രസ്ഥാനങ്ങളിൽ സി.ഇ.എം നെ മുൻനിരയിലെത്തിച്ചു.

യുവജനതയുടെ ഒരുമിച്ചുള്ള പ്രവർത്തനം പുതിയ പദ്ധതികളിലേക്ക് ചുവടുവയ്ക്കാൻ നിമിത്തമായി. വളർച്ചയുടെ പുതിയപടവുകൾ കണ്ടെത്തുമ്പോഴും വർത്തമാനകാല ജനത്തിന്റെ ആവശ്യങ്ങളെയും വെല്ലുവിളികളെയും മനസ്സിലാക്കിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

തിരുവചനം നാം ശ്രദ്ധിക്കുമ്പോൾ മൂന്നു രീതിയിൽ താലന്തുകൾ നൽകപ്പെട്ടതിനെക്കുറിച്ച് നാം വായിക്കുന്നു. വ്യത്യസ്ഥതകൾ ഉണ്ടെങ്കിലും എല്ലാവർക്കും താലന്തുകൾ നൽകി എന്നതാണ് പ്രത്യേകത. ഓരോരുത്തർക്കും അവരുടെ പ്രാപ്തിക്കും കഴിവിനും അനുസൃതമായി നൽകി. നൽകപ്പെട്ട തലന്തുകളുടെ എണ്ണത്തേക്കാൾ വിനിയോഗത്തിലാണ് ഓരോരുത്തരും ശ്രദ്ധിക്കേണ്ടത്. ദൈവം നമ്മെ എൽപ്പിച്ചിരിക്കുന്ന താലന്തുകളെ പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് അനുകരണീയം. നേട്ടങ്ങളിൽ നാം തുല്യരായെന്നുവരില്ല എന്നാൽ ഉത്സാഹത്തിലും പരിശ്രമത്തിലും പ്രയത്നത്തിലും നമ്മുക്ക് തുല്യരാകാൻ സാധിക്കും.

താലന്തുകൾ വിഭജിച്ചു തന്ന യജമാനന്റെ വാക്കുകൾ വളരെ വിലപ്പെട്ടതാണ്. അഞ്ചും, രണ്ടും കിട്ടിയവർക്കുവേണ്ടി അത് അംഗീകാരത്തിന്റെയും പ്രശംസയുടെയും കുളിർമ പകരുന്നതാണ്. പരമാവധി എന്നതിനേക്കാൾ നൂറു ശതമാനം പ്രയോജനപ്പെടുത്തുക എന്നതാണ് യജമാനൻ ആഗ്രഹിക്കുന്നത്.

ഉപമയിലെ മൂന്നാമനെക്കുറിച്ച് യജമാനൻ സംബോധന ചെയ്യുന്നത് 'ദുഷ്ടനും മടിയനുമായ ദാസനെ' എന്നാണ്. ഈ മൂന്നാമന്റെ പ്രവർത്തിയും ചിന്തകളും ആ വിധത്തിലായിരുന്നു. താലന്തു ലഭിച്ചിരുന്നു, പക്ഷെ മറച്ചുവച്ചു എന്നതാണ് കുറ്റമായി കണ്ടത്. പരിമിധികളെ കുറിച്ച് ഓർത്ത് നിഷ്ക്രിയരാകാതെ ദൈവം ഏൽപ്പിച്ചതുകൊണ്ട് പ്രയത്നിക്കുകയാണ് വേണ്ടത്. ദൈവം എപ്പോഴും സാധാരണക്കാരെകൊണ്ട് വലിയകാര്യങ്ങൾ ചെയ്യിച്ചിട്ടുണ്ട് എന്ന് നമ്മുക്കു മനസ്സിലാക്കാൻ കഴിയും.

നമ്മുക്ക് ഏവർക്കും നൽകിയ താലന്തുകളെ കുറിച്ച് യജമാനൻ കണക്കു ചോദിക്കും. അന്ന് അഭിമാനത്തിന്റെ വാക്കുകൾ കേൾക്കാൻ ഞാൻ എന്റെ പരമാവധി നന്നായി ദൈവരാജ്യത്തിനായി അദ്ധ്വാനിച്ചു എന്ന നമുക്കും പറയുവാൻ സാധിക്കട്ടെ.

ദൈവരാജ്യത്തിനുവേണ്ടി പരമാവധി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോട് 2017-2019 വർഷത്തിലേക്ക് വിവിധ പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നു. ചെയ്തു തീർത്തത് സപ്ലിമെന്റിന്റെ നാലാം പേജിൽ ചേർത്തിരിക്കുന്നു. ഇനിയും ചെയ്തു തീർക്കുവാനുള്ള പദ്ധതികൾക്കായി നിങ്ങൾ പ്രാർത്ഥിക്കുമല്ലോ!

യുവജനതയെ ക്രിസ്തുവിന്റെ നല്ല ഭടൻമാരാക്കുവാൻ സി.ഇ.എം ഏറെ പ്രതിജ്ഞാ ബദ്ധമായിരിക്കുന്നു. അതിന്റെ ഭാഗമായി വർഷാവസാനം നടക്കുന്ന ജനറൽ ക്യാമ്പ് നമ്മുടെ യുവജനങ്ങൾക്ക് ഏറെ പ്രയോജനകരമാണെന്നു കഴിഞ്ഞ നാളുകളിലെ അനുഭവങ്ങൾ തെളിയിക്കുന്നു. 2017 ഡിസംബർ 25 മുതൽ 27 വരെ കുട്ടിക്കാനം മാർ ബസ്സേലിയോസ് എഞ്ചിനിയറിംഗ് കോളേജിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരുക്കുന്ന 60-ാംമത് (വജ്രജൂബിലി) ക്യാമ്പിനു ഒരുക്കങ്ങൾ പുരോഗമിക്കുന്നു. കഴിഞ്ഞനാളിൽ നിങ്ങൾ ഏവരും നൽകിയ നിസ്വാർത്ഥ പ്രാർത്ഥനയും സഹകരണവും 60-ാംമത് ക്യാമ്പിനു നൽകുമല്ലോ? ഏവരെയും എം.ബി.സി. ക്യാമ്പ് സെന്ററിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## ആശംസ



ഉപഭോഗ സംസ്കാരത്തിന്റെ പുത്തൻ പ്രലോഭനങ്ങൾ ഉയർത്തി യുവജനങ്ങൾക്ക് മുമ്പിൽ അനേകം പാതകൾ തുറന്നിട്ടിരിക്കുമ്പോൾ ദൈവരാജ്യ മൂല്യങ്ങൾക്കും ശീലങ്ങൾക്കും മുൻഗണന നല്കി യൗവ്വനം ദൈവഹിതപ്രകാരം രൂപപ്പെടുത്തുന്ന സി.ഇ.എം. പ്രവർത്തനങ്ങൾക്കും വജ്രജൂബിലി ജനറൽ ക്യാമ്പിനും എല്ലാ ആശംസകളും

**ഡോ. മാത്യു വർഗീസ്**
ഒക്കലഹോമ

## ആശംസകൾ



സി.ഇ. എം വജ്രജൂബിലി ജനറൽ ക്യാമ്പ് കുട്ടിക്കാനത്ത് നടക്കുന്നു എന്ന് അറിഞ്ഞു. ദൈവം പ്രവർത്തനങ്ങളെ അനുഗ്രഹിക്കട്ടെ. ദോഹ ശാരോൻ സഭയുടെ എല്ലാവിധ ആശംസകളും അറിയിക്കുന്നു.

**പാസ്റ്റർ സാം തോമസ്,**
**ദോഹ**



പെന്തക്കോസ്തു യുവജന പ്രവർത്തനങ്ങളിൽ ശക്തമായി മുന്നേറുന്ന സി.ഇ.എം പ്രവർത്തകർക്കും 60-ാം മത് ജനറൽ ക്യാമ്പിനു കുവൈറ്റ് ശാരോൻ സഭയുടെ ആശംസകൾ

**പാസ്റ്റർ പി.എ അനിയൻ,**
**കുവൈറ്റ്**



ശാരോൺ ഫെലോഷിപ്പ് ചർച്ചിന്റെ യുവജന പ്രവർത്തനമായ സി.ഇ.എം ചെയ്ത് വരുന്ന എല്ലാ ആത്മീയപ്രവർത്തനങ്ങൾക്കും പ്രത്യേകാൽ വജ്രജൂബിലി ക്യാമ്പിനും കർമ്മേൽ സഭയുടെ ആശംസകൾ.

**പാസ്റ്റർ മാത്യു തോമസ്സ്,**
**മിഡിൽ ഈസ്റ്റ്**

# ലക്ഷ്യം നഷ്ടപ്പെടാത്ത യാത്ര



റവ.ഡോ. ജയിംസ് ജോർജ്ജ് വെൺമണി



വിജയിക്കുന്നവനു മുന്നിൽ ലക്ഷ്യങ്ങൾ ഉള്ളപ്പോൾ, മടിയൻ പഴിചാരലും, കുറ്റപ്പെടുത്തലും കൊണ്ടു രക്ഷപെടുവാൻ ശ്രമിക്കും. ജീവിത വിജയത്തിനു ലക്ഷ്യങ്ങൾ അനിവാര്യം. നമ്മുടെ ലക്ഷ്യങ്ങൾ നല്ലതും തികവുള്ളതുമായിരിക്കേണം. നമ്മെപ്പറ്റിയുള്ള ദൈവത്തിന്റെ പ്രതീക്ഷകൾക്കു അനുസൃതവുമായിരിക്കേണം ലക്ഷ്യങ്ങൾ രൂപപ്പെടുത്തുവാൻ. നിത്യതയോടുള്ള ബന്ധത്തിൽ ലക്ഷ്യങ്ങളെ വളർത്തണം. വർത്തമാന കാലത്തിൽ മാത്രം തളയ്ക്കപ്പെടുന്നതാണ് നമ്മുടെ ലക്ഷ്യമെങ്കിൽ നാം സകല മനുഷ്യരിലും അരിഷ്ടന്മാരാണ്.

സാഹചര്യങ്ങൾക്ക് അനുസൃതമായി നാം എപ്പോഴും ലക്ഷ്യങ്ങളെ മാറ്റിക്കൊണ്ടിരിക്കരുത്. അതു നമ്മിൽ നിന്നും പലതിനെയും എടുത്തുമാറ്റികളയും. ലക്ഷ്യത്തോടുള്ള ബന്ധത്തിൽ അതിപ്രധാനമായ മൂന്നു ചോദ്യങ്ങളുണ്ട്.

പണിയുന്നതെവിടെ? പണിയുന്നതെന്ത്? പണിയുന്നതെങ്ങനെ?

മണൽത്തിട്ടയിലെ പണികൾക്കു നിലനിൽപ്പു ദുഷ്കരമാണ്. ശില്പി ഭൂമിയുടെ കിടപ്പും, ഉറപ്പും ആഴത്തിൽ അറിയേണ്ടുന്നവനാണ്. മണൽത്തിട്ടയിലെ പണി വേഗത്തിൽ പൂർത്തികരിച്ചാലും നിലനിൽപ്പ് എന്നും അപകട മേഖലയിലാണ്. ദീർഘകാല വീക്ഷണത്തിലായിരിക്കേണം പദ്ധതികൾക്കു അടിസ്ഥാനമിടുവാൻ. നിർമ്മിതാവിനോടൊപ്പം പണിയും അസ്തമയം കാണുമ്പോൾ, എവിടെയോ കാര്യമായ പാളിച്ച സംഭവിച്ചിട്ടുണ്ടെന്നു തിരിച്ചറിയേണം. സ്വാർത്ഥതയാണ് ശരിയായ ലക്ഷ്യത്തിൽ നിന്നും ഒരുവനെ വ്യതിചലിപ്പിക്കുന്നത്.

ഒരു ലക്ഷ്യമായിരിക്കേണം ജീവിതത്തിൽ ഉണ്ടായിരിക്കേണ്ടത് . പലവിഷയങ്ങളിൽ ഒരേ സമയം ശ്രദ്ധിക്കുന്നതിലും റിസൽട്ട് നൽകുന്നത് ആ വിഷയത്തിലും (single focus vision) അതിനോടു ബന്ധപ്പെട്ട കാര്യങ്ങളിലും ശ്രദ്ധ കേന്ദ്രകരിക്കപ്പെടുന്നതാണ്.

ഒരു കുതിരയെ ലക്ഷ്യമാക്കി ഓടിയ സിംഹത്തെക്കുറിച്ചു കേട്ടിട്ടുണ്ട്. പ്രാണരക്ഷാർത്ഥം ഓടിയ കുതിരയെ പിൻതുടർന്നു പിടിപ്പാൻ സിംഹത്തിന് കഴിഞ്ഞില്ല. പെട്ടന്നായിരുന്നു അവിടെ ഉണ്ടായിരുന്ന ചെന്നായെ സിംഹം കണ്ടത്. കുതിരയെ ഉപേക്ഷിച്ച് സിംഹം പിന്നിട് ചെന്നായെ ലക്ഷ്യമാക്കി ഓടി. കുറച്ചുനേരം ചെന്നായുടെ പുറകെ ഓടിയ സിംഹം പെട്ടെന്നു ഒരു മുയലിനെ കണ്ടു. ചെന്നായെ കിട്ടാത്തതുകൊണ്ടു പിന്നീട് ലക്ഷ്യം മുയലിനെ നേടുക എന്നതായി. മുയലിനെ പിടിക്കുക എളുപ്പമെന്നു കരുതി അതിന്റെ പിന്നാലെ ഓടി പക്ഷേ പ്രതിക്ഷിച്ചതു പൊലെ ഫലം കണ്ടില്ല. മുൻപ് കുതിരയുടെയും, ചെന്നായുടെയും പുറകെ വളരെ ഓടിയ ക്ഷീണം കൊണ്ട് താരതമ്യേന വേഗത കുറഞ്ഞ മുയലിനോടൊപ്പം ഓടിയ സിംഹം ക്ഷീണിച്ചു ദൗത്യം ഉപേക്ഷിച്ചു.

ഈ കഥ നൽകുന്ന സാംരാംശം അർത്ഥവ്യാപ്തിയുള്ളതാണ്. പലപ്പോഴും അഴിച്ചുപണി ചെയ്യുന്നതുകൊണ്ട് എങ്ങും എത്താതെയും ഒന്നും നേടാതെയും പോകാറുണ്ട്. (ലക്ഷ്യങ്ങൾ നേടുന്നതിനു സ്ഥിരതയും, അദ്ധ്വാനവും, വ്യക്തമായ ഫോക്കസും ഉണ്ടാകണം) ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ അസ്വസ്ഥതകൾ വർദ്ധിക്കുകയും മനസ്സിന്റെ താളം തെറ്റുകയും ചിലപ്പോൾ നിയന്ത്രണ വിധേയമല്ലാത്ത സാഹചര്യങ്ങൾ ഉണ്ടാകുകയും ചെയ്യാം. ഇപ്രകാരമുള്ള സഹചര്യങ്ങളിൽ ദൈവത്തിന്റെ ഇടപ്പെടലുകൾ ജീവന്റെ തുടിപ്പുകളും. പുതിയ പുറപ്പാടുകളും സാദ്ധ്യമാക്കുമെന്നു ബൈബിൾ വ്യക്തമാക്കുന്നു. ഇസബേലിന്റെ ഭീഷണിയുടെ മുമ്പിൽ പ്രതീക്ഷകൾ മരിച്ചുപോയ ഏലിയാവിന്റെ ജീവിതദർശനത്തെ സമഗ്രമായി രൂപന്തരപ്പെടുത്തുന്നതായിരുന്നു ദൈവത്തിന്റെ ഇടപെടൽ ആ ദൈവീക ഇടപെടൽ (divine encounter) ഇന്നും തുടരുന്നു. ഏലിയാവ് പരിമിതികളുള്ള മനുഷ്യത്തിന്റെ ഉദാഹരണമാണ് (നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ). ജീവന് ഭീഷണി നേരിട്ടപ്പോൾ ഏലിയാവിലെ അഗ്നി അണയുവാൻ തുടങ്ങി. ഇസബേലിന്റെ ഭീഷണി ജീവിതത്തെ മടുപ്പിച്ച നെഗറ്റീവ് സ്ട്രോക്കാണ്. എന്നാൽ ഒരു പുതിയ പുറപ്പാടിനുള്ള ഊർജ്ജം നൽകിയാണ് ഏലിയാവിന്റെ ഉടഞ്ഞുപോയ ലക്ഷ്യത്തെ ദൈവം പുനരുദ്ധരിച്ചത്.

ദൂരെ യാത്രയ്ക്കു ഏലിയാവിനു ലഭിച്ച ആഹ്വാനം കേവലം ദൈവത്തിന്റെ പർവ്വതമായ ഹോരേബിലേക്കു മാത്രമല്ല സ്വർഗ്ഗത്തിലേയ്ക്കുള്ള ഒരു ആഹ്വാനം കൂടിയായിരുന്നുവെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല.

• ദൈവീക ഇടപെടൽ ജീവിതത്തിനു പുതിയ ലക്ഷ്യങ്ങൾ കൊണ്ടുവരും.

• ദൈവം മോട്ടിവേറ്ററായാൽ ജീവിതത്തിൽ സമഗ്രമായ മാറ്റങ്ങളാണുണ്ടാകുന്നത്.

• മോട്ടിവേഷൻ ബുക്സിൽ നിന്നും ലഭിക്കുന്ന പ്രചോദനത്തിന്റെ സാധ്യതകൾ ഞാൻ എഴുതിതള്ളുന്നില്ല. എന്നാൽ ഇത്തരത്തിലുള്ള ഉത്തേജനങ്ങൾക്കു കുറച്ചു കഴിയുമ്പോൾ മങ്ങൽ ഏല്ക്കാറുണ്ട്.

• എന്നാൽ ദൈവീക ഇടപ്പെടലുകൾ ജീവിതത്തെ സമൂലമായ പരിവർത്തനത്തിലേക്കു നയിക്കും അതിൽ പാപബോധവും മാനസാന്തരവും ഉണ്ട്. ഏറ്റുപറച്ചിലും പൂറപ്പാടും ഉണ്ട്.

• ചലനാത്മകതയുടെ ഉറവിടമായ ദൈവം പരിവർത്തനങ്ങളും, സാധ്യതകളും നൽകുന്നു. ദൈവീക ഇടപെടലിലൂടെ വ്യക്തി മാറുന്നു, വീക്ഷണം മാറുന്നു, ജീവിതക്രമം മാറുന്നു.

• ദൈവത്താൽ നാം നിവേശിദരായി മാറുമ്പോൾ ഉണ്ടാകുന്ന തീരുമാനങ്ങളും, ജീവിത നിലപാടുകളും അവർണ്ണനീയമാണ്.

അതു ജീവിതത്തെ യജമാനന്റെ ലാഭത്തിനായി രൂപകല്പന ചെയ്യുവാനും ദൈവഹിതത്തിനായി സമർപ്പിക്കുവാനും ഒരു വനെ സജ്ജനാക്കും.

ഉത്കൃഷ്ടമായ തീരുമാനങ്ങൾ, സ്വയം ത്യജിക്കൽ, പങ്കുവയ്ക്കൽ, പുറപ്പാടുകൾ എന്നിവയ്ക്കു ഒരുവനെ സജ്ജനാക്കുന്നതാണ് ദൈവത്തിന്റെ ഇടപെടലുകൾ

ദൈവീക സ്വഭാവത്തിലേക്ക് ഒരുവനെ നയിക്കുകയും തിന്മകളുടെ ശക്തിയോടു നോ പറയുവാനുള്ള മനക്കരുത്തും നൽകുകയും ചെയ്യുന്നത് ദൈവീക ഇടപെടലിന്റെ പ്രതിഫലനങ്ങളാണ്.

എന്നാൽ പ്രശ്നങ്ങളുടെ നീർച്ചുഴിയിൽ അകപ്പെട്ടു കഷ്ടതയുടെ കൈപ്പുനീർ കുടിക്കേണ്ടിവരുമ്പോൾ മനുഷ്യന്റെ പ്രതീക്ഷകൾ തകർന്നടിയാറുണ്ട്. അതേ, പ്രശ്ന സങ്കീർണ്ണമാണ് മനുഷ്യജീവിതം. എന്നാൽ യാഥാർത്ഥ്യങ്ങളിൽ നിന്നും ഒളിച്ചോടുന്നവനല്ല വില നല്കി വിജയം കണ്ടെത്തുന്നവനാണ് ഒരു പ്രശ്നമില്ലാത്ത മനുഷ്യൻ.

പ്രശ്നങ്ങളുമായി ഏറ്റുമുട്ടുമ്പോൾ മനുഷ്യ അനുവർത്തിക്കുന്ന നാലു സമീപനങ്ങളെപ്പറ്റി ആൽഫ്രഡ് (Alfred Adler) പറഞ്ഞിട്ടുണ്ട്.

1. മറ്റുള്ളവരുടെ മേൽ ആധിപത്യം പുലർത്തുന്നവർ (The dominate type)
2. മറ്റുള്ളവരിൽ നിന്നും പ്രതീക്ഷിക്കുന്നവർ (The getting type)
3. ജീവിതത്തിന്റെ പ്രശ്നങ്ങളിൽ നിന്നു ഒഴിഞ്ഞുമാറുന്നവർ (The avoiding type)
4. നല്ല നിലയിൽ ജീവിതവുമായി പൊരുത്തപ്പെടുന്നവർ (The socially use ful type)

ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുന്ന മൂന്നാമത്തെ ഗ്രൂപ്പിൽപ്പെട്ടവർ ഒരു ആരോഗ്യപരമായ വ്യക്തിത്വത്തിന്റെ ഉടമയല്ല. ഉത്തരവാദിത്വങ്ങളെ ഏറ്റെടുക്കുകയും വെല്ലുവിളികളെ നേരിടുകയും ചെയ്യുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്. നമ്മെ ഏല്പിച്ചത് ഭൂമിയിൽ ചെയ്യേണ്ടത് നാം മാത്രമാണെന്നുള്ള തിരിച്ചറിവിൽ നിന്നും നാം എടുക്കുന്ന നിലപാടുകളാണ് നമ്മെവ്യത്യസ്തരാക്കുന്നതും ദൈവീകപദ്ധതിയിലാക്കുന്നതും.

ക്രൂശീകരണം എന്ന ദൈവീക പദ്ധതിയിൽ നിന്നും രക്ഷപ്പെടുത്തുവാൻ ആഗ്രഹിച്ച ശിഷ്യന്മാരുടെ ശ്രമങ്ങൾക്കു പോലും യേശുദേവൻ സ്വാഗതം അരുളിയില്ല. വാൾ ഉറയിൽ ഇടുവാൻ കല്പിച്ച കർത്താവ് പത്രോസിനോട് ചോദിക്കുന്നത്. ' ദൈവം തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ'? മുള്ളുകളാൽ രൂപപ്പെട്ട ക്രൂശീകരണത്തിന്റെ പാതയെ സന്തോഷമുള്ള കരങ്ങൾ നീട്ടി യേശു സ്വാഗതം അരുളി. സർവ്വ ലോകത്തിനും വെളിപ്പെടുവാനുള്ള രക്ഷയ്ക്കുവേണ്ടി നിന്ദ്യമായ മരണത്തെ ആലിംഗനം ചെയ്ത യേശു യഥാർത്ഥത്തിൽ ദൈവീക പദ്ധതി പ്രകാരമാണ് അനുനിമിഷവും ചലിച്ചത്. യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ തുടക്കം മുതൽ വ്യത്യസ്ത സമയങ്ങളിൽ ക്രൂശീകരണം എന്ന മഹത്തായ ദൗത്യത്തിൽ നിന്നും വ്യതിചലിക്കുവാൻ പരീക്ഷകൾ ഉണ്ടായി. വില നൽകി അതി സഹനമായ വേദനയിലൂടെ സക്ഷ്യത്തിലേക്കു നടന്നുനീങ്ങിയ യേശു ഒടുവിൽ പറയുന്നു. സകലവും നിവൃത്തിയായി, പിതാവു നൽകിയ ദൗത്യം പൂർത്തീകരിച്ച യേശുവിന്റെ വെളിപ്പെടുത്തൽ.

ഒളിച്ചോട്ടം പക്വമതിയായ ഒരു മനുഷ്യന്റെ ലക്ഷണമായി കാണുവാൻ കഴിയുകയില്ല. ജീവിതസാഗരത്തിന്റെ വിജയം കൈവരിച്ചവരെല്ലാം വെല്ലുവിളികളെ എറ്റെടുത്തവരാണ്.' ഒളിച്ചോട്ടം/ പിൻമാറുക' എന്ന വാക്ക് ഒരിക്കലും ഒരു വിജയിയുടെ നിഘണ്ടുവിലില്ല. ബൈബിൾ പേജുകളും ചരിത്രത്തിന്റെ താളുകളും വെല്ലുവിളികൾക്കു വില നൽകിയ മഹത്‌വ്യക്തികളുടെ വിജയഗാഥകളാൽ സമ്പുഷ്ടമാണ്. പരാജയ ചിന്തകളെ കീഴടക്കുവാൻ കഴിയുന്നതത്രേ യഥാർത്ഥ വിജയത്തിന്റെ അടിത്തറ. ക്ഷാമം നിമിത്തം അപ്പത്തിന്റെ ഭവനമായ ബേത്‌ലഹേമിനോടു വിട ചൊല്ലിയ നവോമിയുടെ അനുഭവം ഓർക്കുക. ഭർത്തൃവിയോഗവും, സന്താനനഷ്ടവും കടുത്ത ഏകാന്തതയും ഉണ്ടായി. രണ്ടു മരുമക്കൾക്കും ഒന്നും കൊടുക്കുവാൻ ഇല്ലായിരുന്ന നവോമി അവർ തങ്ങളോടു വിട്ടു പിരിയുവാനാണ് ആവശ്യപ്പെടുന്നത്. ശൂന്യതയുടെ അനുഭവമായി തീർന്ന നവോമി മടങ്ങിവന്നപ്പോൾ യിസ്രയേലിന്റെ ദൈവം കടാക്ഷിച്ചുവെന്നു ബൈബിൾ വെളിപ്പെടുന്നത്തുന്നു. യഥാർത്ഥ ദൈവീക സംസർഗ്ഗത്തിലൂടെ വികൃതമായ പരാജയത്തിന്റെ അനുഭവങ്ങളെ രൂപാന്തരപ്പെടുത്തുവാൻ കഴിയുമെന്നത് ഒരു സത്യമത്രേ.

സ്വന്തം വിളക്കിന്റെ പ്രകാശം മറ്റുള്ളവർ കാണുവാൻ വേണ്ടി മറ്റുള്ളവരുടെ വിളക്കുകൾ തല്ലിക്കെടുത്തേണ്ട കാര്യമില്ല. നിങ്ങൾ എത്ര ദൂരം സഞ്ചരിച്ചു എന്നതിലുപരി എങ്ങനെ സഞ്ചരിച്ചു എന്നതാണ് അതിപ്രധാനമായ വിഷയം. ലക്ഷ്യവും മാർഗ്ഗവും ഒരുപോലെ സമൃദ്ധമായിരിക്കേണം. നിങ്ങൾ കഷ്ടതയിൽ തുടരുവാൻ ദൈവം ഒരു കാലഘട്ടം വെച്ചിട്ടുണ്ടെങ്കിൽ അതിൽ സന്തോഷമുള്ളവനായിരിക്കുക. കുറുക്കുവഴിയിലൂടെ ദൈവീക പ്രോഗ്രാമിൽ നിന്നും ഒളിച്ചോടുവാൻ ശ്രമിക്കരുത്.

ജീവിതത്തിൽ നേരിടുന്ന പ്രതിസന്ധികൾക്കു മുമ്പിൽ ലക്ഷ്യത്തെ ഷട്ട്ഡൗൺ ചെയ്യുവാൻ അനുവദിച്ചുകൂടാ. പൊരുതി നേടേണ്ടതാണ് ലക്ഷ്യം പൊരുതണമെങ്കിൽ കൂടുതൽ ഊർജ്ജം ആവശ്യമാണ്. അതുകൊണ്ട് കാര്യക്ഷമതയെ ചോർത്തികളയുന്ന ലക്ഷ്യം തെറ്റിയ പ്രവർത്തനങ്ങളിൽ നിന്നും ബോധപൂർവ്വം ഒഴിഞ്ഞുമാറണം. പ്രവർത്തനശൈലികളിലെ തെറ്റുകൾ വിലയിരുത്തുകയും തിരുത്തേണ്ടവ തിരുത്തുകയും നല്ലത് എന്തെന്നു അന്വേഷിച്ചു കണ്ടെത്തുകയും വേണം. നമ്മുടെ സാന്നിദ്ധ്യവും, അദ്ധ്വാനവും വേണ്ടാത്ത ഇടങ്ങളിൽ നാം മെനക്കെട്ടു നിൽക്കരുത്. തത്വങ്ങൾ വിട്ടുകളയാതെ, രീതികൾക്കും കാലോചിതമായ മാറ്റങ്ങൾ വരുത്തണം,

ലക്ഷ്യരൂപീകരണം (Goal setting) തെറ്റാണെന്നു പറയുവാൻ സാധിക്കത്തില്ല. എന്നാൽ രൂപീകരിച്ച ലക്ഷ്യങ്ങൾ ദൈവഹിതത്തിനു മുൻപാകെ സമർപ്പിക്കണം. അവിടെയാണ് ലക്ഷ്യങ്ങൾക്കും അർത്ഥ പൂർണ്ണത കൈവരിക്കുന്നത്. ദൈവീക സംസർഗ്ഗം ജീവിതത്തിൽ യഥാർത്ഥ ലക്ഷ്യങ്ങൾ നേടുവാൻ സഹായകമാകും.

**ഇനിയും ഞാൻ എന്നോടു ചോദിക്കട്ടെ**

ലക്ഷ്യങ്ങൾ പണിയുന്ന ഞാനെവിടെയാണ്?

വ്യക്തതയുള്ള ലക്ഷ്യങ്ങൾക്കാണോ രൂപം നൽകുന്നത് ?

എന്റെ അഭിരുചിക്കനുസൃതമായാണോ ലക്ഷ്യങ്ങളെ മെനയുന്നത് ?

എന്റേതു യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമായ ലക്ഷ്യങ്ങളാണോ?

ലക്ഷ്യത്തിൽ പരമാവധി ഫോക്കസ് ചെയ്തു പ്രവർത്തിക്കുവാൻ എനിക്കു സാധിക്കുന്നുവോ?

B.T.C.M. BOYS HOSTEL
Chellarcovil P.O., Kumily, Idukki Dist, Kerala
Ph: 0486 8283589, 0469 2618036,
Mob : 9495509417



കഴിഞ്ഞ പതിനേഴിൽപരം വർഷങ്ങളായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ആശ്വാസമായി നിലകൊള്ളുന്ന സ്ഥാപനം.

ഭക്ഷണം, താമസം, പഠനം എന്നിവ തികച്ചും സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക.



മികച്ച ഭക്ഷണം
ശിക്ഷണം
പഠനം

പാസ്റ്റർ ബോസ് എം. കുരുവിള
(സെക്രട്ടറി)

റവ.വിൽസൺ പി. ജോർജ്
(ഡയറക്ടർ)

# ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ വജ്രജൂബിലി പ്രവർത്തനപദ്ധതികൾ

ശാരോൻ ഫെലോഷിപ്പ് യുവജന വിഭാഗമായ സി.ഇ.എം പെന്തക്കോസ്ത് യുവജന പ്രസ്ഥാനങ്ങളിൽത്തന്നെ തലയെടുപ്പോടെ മുന്നേറുകയാണ് വജ്രജൂബിലി നിറവിൽ ബഹുമുഖ പദ്ധതികൾക്ക് തുടക്കം കുറിച്ചു സി.ഇ.എം ജനറൽ കമ്മറ്റി ആത്മീയലക്ഷ്യത്തോടും സാമൂഹ്യപ്രതിബന്ധതയോടും കൂടി സഭാ ജനത്തിന്റെ പങ്കാളിത്തത്തോടെ തുടക്കം കുറിച്ച പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

## സുവിശേഷ പ്രവർത്തനം

### 1. പുതിയ സഭാ കൂടിവരവ്

സുവിശേഷീകരണം എന്ന പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കാതെ സി.ഇ.എം. മുന്നേറുന്നതിന്റെ തെളിവാണ് തിരുച്ചിയിലെ പ്രവർത്തനം. 2017 ഏപ്രിൽ 18 ന് വജ്രജൂബിലി പ്രവർത്തന ഉത്ഘാടന വേദിയിൽ പാസ്റ്റർ. ഐസക് പിച്ചിനെ ബഹുമാന്യ സഭാ നേതൃത്വം പ്രർത്ഥിച്ചു നിയോഗിച്ചു. അവിടെ ഇപ്പോൾ 35 ആളുകൾ ആരാധനയ്ക്ക് കൂടിവരുന്നു. മാസം 3000രൂപ സി.ഇ.എം കമ്മറ്റി നൽകുന്നു. ഇനിയും അഞ്ച് പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കാനുള്ള ശ്രമത്തിലാണ്.



### 2. 600 പരസ്യ യോഗങ്ങൾ

ദേശവ്യാപകമായി സുവിശേഷീകരണം എന്ന ചിന്തയോടെ വജ്രജൂബിലി വർഷം 600 പരസ്യയോഗങ്ങൾ നടത്തുന്നതിന് താല്പര്യപ്പെടുന്നു. ഇപ്പോൾ 325 പരസ്യയോഗങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിലായി പൂർത്തീകരിച്ചു.





### 3. വിഷൻ ബിൽഡിംഗ് സ്കൂൾ (V.B.S)

സി.ഇ.എം കിഡ്സിനുവേണ്ടി ജനറൽ കമ്മറ്റിയുടെ സഹകരണത്തോടെ അവധിക്കാലങ്ങളിൽ നടത്തിവരുന്ന ദൈവവചനപഠനമാണ് V.B.S ലൂടെ ലക്ഷ്യമിടുന്നത്. മാർച്ച്, ഏപ്രിൽ മാസങ്ങളിലായി 30 വി.ബി.എസ്സുകൾ നടത്തപ്പെട്ടു. നൂറുകണക്കിനു കുരുന്നുകൾ ആവേശത്തോടെ ഹൃദയത്തിലേറ്റിയ പ്രോഗ്രാമായിരുന്നു ഇത്.




### 4. സ്കൂൾ മിഷൻ പ്രോഗ്രാം

നമ്മുടെ ഇളം തലമുറ സമൂഹത്തിന്റെ വിവിധ തുറകളിൽ ചൂഷണം ചെയ്യപ്പെടുമ്പോൾ അവരെ നേരിന്റെ പാതയിൽ നയിക്കുവാൻ സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തിവരുന്ന മദ്യ, മയക്കുമരുന്നുകൾക്കെതിരെയും, ലൈംഗിക ചൂഷണത്തിനെതിരെയും നടത്തിവരുന്ന ബോധവൽക്കരണ പ്രോഗ്രാം.

### 5. കുവൈറ്റ് സഭാമിഷൻ ഫണ്ട്

കുവൈറ്റ് ശാരോൻ സഭയിലെ സി.ഇ.എം പ്രവർത്തകരുടെ സഹായത്തോടെ പുതിയപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന മലബാർ മേഖലയിലെ ആറുപ്രവർത്തകരെ സഹായിക്കുന്നു.

### 6. സി.ഇ.എം സൺഡേ

2017 മെയ് 14 ഞായർ സി.ഇ.എം ദിനമായി വേർതിരിച്ചിരുന്നു. അന്നേദിവസം പ്രവർത്തനങ്ങൾക്കായും തലമുറകൾക്കായും പ്രത്യേക പ്രാർത്ഥനയും ഒരു സ്തോത്രകാഴ്ചയും എടുക്കുകയുണ്ടായി.

### 7. താലന്തു പരിശോധന

ഒക്ടോബർ 2-ാം തീയതി തിരുവല്ലയിൽ വച്ച് താലന്തു പരിശോധന നടത്തപ്പെട്ടു. 450 അംഗങ്ങൾ പങ്കെടുത്തു. രാവിലെ 9 മുതൽ 4 വരെയായിരുന്നു പ്രോഗ്രാം.

### 8. ഏകദിന പ്രാർത്ഥനാ സമ്മേളനവും നേതൃത്വസംഗമവും

സി.ഇ.എം പ്രവർത്തകരെ ഏകോപിച്ച് റീജിയൺ തലങ്ങളിൽ പ്രാർത്ഥനകളും നേതൃത്വസംഗമവും സംഘടിപ്പിക്കുകയും ചെയ്യുന്നു. ഇതുവരെ 6 സ്ഥലങ്ങളിൽ നടന്നു.



## ജീവകാരുണ്യ പ്രവർത്തനങ്ങൾ

### 9. ബഹറിൻസഭാ വിദ്യാഭ്യാസ സഹായം

സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്കായി ബഹറിൻ ശാരോൻ സഭ നൽകിയ ധനസഹായവും ജനറൽ കമ്മറ്റിയും ചേർന്ന് 100 കുട്ടികൾക്ക് വിദ്യാഭ്യാസസഹായം നൽകി.



### 10. വിവാഹ സഹായം

വിവാഹകാര്യങ്ങൾക്ക് സാമ്പത്തികബുദ്ധിമുട്ട് നേരിടുന്ന നമ്മുടെ കൂട്ടായ്മകളിലെ സഹോദരിമാരിൽ രണ്ടു പേർക്ക് സഹായം നൽകുകയുണ്ടായി. വിവാഹ സഹായങ്ങൾ പാസ്റ്റർമാരായ ബിനു ഏബ്രഹാം, ജോമോൻ ജോസഫും ഏറ്റുവാങ്ങി.





### 11. മെഡിക്കൽ ഹെൽപ്പ്

മാരകരോഗങ്ങളാൽ ചികിൽസയ്ക്ക് ബുദ്ധിമുട്ട് അനുഭവിക്കുന്ന ദൈവദാസൻമാരെയും ദൈവജനത്തെയും സഹായിക്കുവാൻ സി.ഇ.എം ഒരുക്കിയ ഈ പദ്ധതിയിലൂടെ 10 പേരെ ഇതുവരെ സഹായിച്ചു.

### 12. തയ്യൽമെഷീൻ വിതരണം

നമ്മുടെ സഭകളിൽ കുടുംബസന്ധാരണത്തിനായി ബുദ്ധിമുട്ടുന്ന സഹോദരിമാർക്കു വേണ്ടി സി.ഇ.എം നൽകിവരുന്ന തയ്യൽമെഷീൻ വിതരണം ഈ വർഷവും ചിലർക്ക് നൽകുകയുണ്ടായി.



### 13. സ്കോളർഷിപ്പ്

പത്താം ക്ലാസിൽ നല്ല വിജയം നേടിയ സി.ഇ.എം അംഗങ്ങൾക്കുവേണ്ടി പഴമണ്ണിൽ കുടുംബം നൽകുന്ന സ്കോളർഷിപ്പ് വർഷം 25 പേർക്ക് നൽകിവരുന്നു.

### 14. സഭാഹാൾ നിർമ്മാണ സഹായം

കോട്ടയം സെന്ററിൽ താളുങ്കൽ സഭയ്ക്കുവേണ്ടി പണികഴിപ്പിച്ച പുതിയസഭാഹാൾ പണിക്കുവേണ്ടി സി.ഇ.എം സാമ്പത്തികസഹായം നൽകുകയുണ്ടായി. നവംബർ 25ന് നടന്ന സഭാ ഹാൾ സമർപ്പണ ശുശ്രൂഷയിൽ സി.ഇ.എമ്മിനെ പ്രതിനിധീകരിച്ച് പാസ്റ്റർ ജി. ജോസ്, പാസ്റ്റർ സംകുട്ടി ജോൺ എന്നിവർ സംബന്ധിച്ചു.





### 15. കൗൺസിൽ അംഗങ്ങളെയും പെന്തക്കോസ്ത് യൂത്ത് നേതൃത്വത്തെയും ആദരിച്ചു

സി.ഇ.എം ന്റെ വജ്രജൂബിലി പ്രവർത്തനങ്ങളുടെ തുടക്കം കുറിച്ച ഏപ്രിൽ 18ന് മാവേലിക്കര പ്രെയ്സ് സിറ്റി ചർച്ചിൽ കൂടിയ സമ്മേളനത്തിൽ ശാരോൻ സഭാ നേതൃത്വത്തെയും സി.ഇ.എം. മുൻ ഭാരവാഹികളെയും പുത്രികാ സംഘടനകളായ സൺഡേസ്കൂൾ, സോദരീ സമാജം ഭാരവാഹികളെയും മാധ്യമപ്രവർത്തകരേയും ഇതര പെന്തെക്കോസ്ത് യുവജന നേതൃത്വത്തെയും മെമൊന്റോ നൽകി ആദരിച്ചു.



### 16. വൃക്ഷതൈ നടീലും വിതരണവും

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷതൈ നടീലും വിതരണവും നടത്തപ്പെട്ടു. കേന്ദ്രതല ഉത്ഘാടനം ജന.സെക്രട്ടറി പാസ്റ്റർ ഫിന്നി ജേക്കബും, സി.ഇ.എം സെക്രട്ടറി ജോർജ്ജ് മുണ്ടകനും ചേർന്ന് നിർവഹിച്ചു.



### 17. യൂണിഫോം വിതരണം

കിളിയന്തറ ശാരോൻ ചിൽഡ്രൻസ് ഹോമിലെ നമ്മുടെ കുട്ടികൾക്ക് രണ്ട് ജോഡി യൂണിഫോം വീതം നൽകി.



## ആബുലൻസ് പദ്ധതി



സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്കും, മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് സഹായകരമായി ആബുലൻസ് വാങ്ങുവാൻ സി.ഇ.എം. ആഗ്രഹിക്കുന്നു. ആയതിലേക്ക് എല്ലാ പ്രിയപ്പെട്ടവരുടെയും നിർലോഭമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

## ജനറൽ ക്യാമ്പിന്റെ ലോക്കൽ കമ്മറ്റി

**രജിസ്ട്രേഷൻ:** പാസ്റ്റർ റോബിൻ രാജു, സിസ്റ്റർ ഷീബാ ജോണി, സിസ്റ്റർ പ്രിസ്കില്ലാ ജെബു.
**പ്രാർത്ഥന:** പാസ്റ്റർ സാബു ജോൺ, പാസ്റ്റർ സജി കൊടുവ, സിസ്റ്റർ സ്മിതാ ജോയി
**ഫിനാൻസ്:** പാസ്റ്റർ കുര്യാക്കോസ്, ജിസ്, സ്റ്റീഫൻ
**പബ്ലിസിറ്റി:** പാസ്റ്റർ ജോജി ജോർജ്, പാസ്റ്റർ അനീഷ്, ബ്ലസ്സൻ നോബിൾ
**അറേഞ്ച്മെന്റ്:** പാസ്റ്റർ ജെബു ജോർജ്, പാസ്റ്റർ ജോയി ദേവസ്യ, പാസ്റ്റർ ബിനുമോൻ തങ്കച്ചൻ
**അക്കോമഡേഷൻ:** പാസ്റ്റർ ലിബിൻ മാത്യു, ജോണി, സിസ്റ്റർമാരായ ആൻസി ജോജി, ആലീസ് ജോസ്, ബെൻസി

## കുട്ടനാട് കൺവൻഷൻ

ചമ്പക്കുളം: കുട്ടനാട് സെക്ഷൻ കൺവൻഷൻ ഡിസംബർ 14 മുതൽ 17 വരെ നടക്കും. പാസ്റ്റർമാരായ, ജോൺസൺ കെ ശമുവൽ, എം . എം. ജോൺ, എ.വി. ജോസ്, ഏബ്രഹാം മന്ദമരുതി, ഷമീർ കൊല്ലം, ബിജു ജോസഫ് എന്നിവർ ദൈവവചനം പ്രസംഗിക്കും. ശാരോൻ ക്വയർ ഗാനങ്ങൾ ആലപിക്കും.







ജനറൽ കൺവൻഷനിൽ സി.ഇ.എം. പ്രസിഡന്റ് പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം ബൈബിൾ ക്ലാസ് നയിക്കുന്നു. സി.ഇ.എം.ന് ഒരു അവസരം നൽകിയ സഭാ കൗൺസിലിന് നന്ദി അറിയിക്കുന്നു.

## ഭക്ഷണശാല ഒരുങ്ങി

ജനറൽ കൺവൻഷനു പങ്കെടുക്കുന്നവർക്കെല്ലാം മൂന്നു നേരവും ഭക്ഷണം നൽകുന്നു. ഈ പ്രാവശ്യവും കൺവൻഷൻ നടക്കുന്ന ഗ്രൗണ്ടിന്റെ എതിർവശത്തുള്ള കോമ്പൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ വിപുലമായ പന്തലിലാണ് സൗജന്യമായി ഭക്ഷണം നൽകുന്നത്.

## വിളംബര റാലി

കൺവൻഷന്റെ പ്രചരണാർത്ഥം, സി.ഇ.എം, സൺഡേ സ്കൂൾ അസോസിയേഷനും, പബ്ലിസിറ്റി കമ്മറ്റിയും സംയുക്തമായി നവംബർ 25 ശനിയാഴ്ച തിരുവല്ലായിലും പരിസര പ്രദേശങ്ങളിലും കൺവൻഷന്റെ വിളംബര റാലി നടത്തി.

## സി.ഇ.എം ഓഫീസ്

കൺവൻഷൻ ഗ്രൗണ്ടിൽ ഇപ്രാവിശ്യവും സി.ഇ.എം ന്റെ താൽക്കാലിക ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. കൺവൻഷൻ പാട്ടുപുസ്തകം, കലണ്ടർ എന്നിവ വാങ്ങുന്നതിനും സംഭാവന സി.ഇ.എം ദിന സ്തോത്രകാഴ്ച നൽകുന്നതിനും ഇവിടെ സൗകര്യമുണ്ട്.

1-ാം പേജ് തുടർച്ച

നടക്കുന്ന മീറ്റിംഗിൽ മിസ്സിസ് സൂസൻ തോമസ്, മിസ്സിസ് മേഴ്സി മാത്യു എന്നിവർ പ്രസംഗിക്കും. ഇതേ സമയം കൺവൻഷൻ ഗ്രൗണ്ടിൽ നടക്കുന്ന സി.ഇ.എം, സൺഡേസ്കൂൾ സംയുക്ത സമ്മേളനത്തിന് പാസ്റ്റർ ഏബ്രഹാം മന്ദമരുതി അധ്യക്ഷത വഹിക്കും. ഡോ. മാത്യു വർഗീസ് മുഖ്യസന്ദേശം നൽകും. സി.ഇ.എം താലന്തു പരിശോധനാ വിജയികൾക്കുള്ള സമ്മാനദാനം, മെറിറ്റ് അവാർഡുകൾ, സ്കോളർഷിപ്പുകൾ തുടങ്ങിയവയുടെ വിതരണം, സൺഡേസ്കൂൾ പരീക്ഷാ റാങ്കു ജേതാക്കൾ, മെഗാ ബൈബിൾ ക്വിസ് വിജയികൾ തുടങ്ങിയവർക്കുള്ള സമ്മാന വിതരണം എന്നിവയും നടക്കും. ഉച്ചകഴിഞ്ഞ് മിഷൻ കോൺഫറൻസാണ് ക്രമീകരിച്ചിരിക്കുന്നത്. ഞായറാഴ്ച രാവിലെ സ്നാനശുശ്രൂഷയും 8.30 മുതൽ സംയുക്ത സഭായോഗവും സമാപന സമ്മേളനവും നടക്കും.

## അഭിനന്ദനങ്ങൾ



ദൈവശാസ്ത്ര വിഷയത്തിൽ ഡോക്ടേറ്റ് നേടി പാസ്റ്റർ സാബു പോളിന് ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് 2017-19 കമ്മറ്റിയുടെ അഭിനന്ദനങ്ങൾ

***



സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് നടത്തി സി.വി.രാമൻ ഉപന്യാസ മത്സരത്തിൽ എ- ഗ്രേഡ് നേടിയ ചാത്തങ്കേരി ശാരോൻ ഫെലോഷിപ്പ് ചർച്ച് അംഗവും സി.ഇ.എം അംഗവുമായ ക്രിസ്റ്റി അന്ന വർഗ്ഗീസിന് സി.ഇ.എം ജനറൽ കമ്മറ്റിയുടെ അഭിനന്ദനങ്ങൾ

***



സംസ്ഥാന സാമൂഹ്യശാസ്ത്രമേളയിൽ പ്രസംഗത്തിന് ഒന്നാം സ്ഥാനവും എ ഗ്രേഡും നേടിയ സി.ഇ.എം. അംഗമായ സോജു സി. ജോസിന് ജനറൽ കമ്മറ്റിയുടെ അഭിനന്ദനങ്ങൾ


## അഡോണിയ ഹൗസ് ബോട്ട്

കിഴക്കിന്റെ വെനീസായ ആലപ്പുഴയിൽ വിനോദ യാത്രകൾക്ക് (2& 3 A/c bed rooms, upper deck) എല്ലാവിധ സൗകര്യങ്ങളോടും കൂടിയ കോൺഫറൻസ് ഹാൾ അടങ്ങിയ ഹൗസ് ബോട്ടുകൾ നൽകുന്നതുമാണ്. കേരളത്തിന്റെ സൗന്ദര്യം ആസ്വദിക്കുവാനായി ടൂർ പാക്കേജുകളും ഞങ്ങൾ ക്രമീകരിച്ചിരിച്ചു നൽകുന്നു. പെന്തെക്കോസ്തു വിശ്വാസികളാൽ നടത്തപ്പെടുന്ന ഹൗസ്ബോട്ടുകൾക്ക് ബന്ധപ്പെടുക.

**ADONIAH TOURS**
Alappuzha, Ph: 9496326568, 9961844449
Visit : www.adoniahtours.com



## വീട്ടിൽ ഇരുന്ന് ബൈബിൾ പഠിക്കാം

## ഗ്രെയ്സ് തിയോളജിക്കൽ കോളേജ്

Accredited by International Association for Theological Accredition (IATA)
വെണ്ണിക്കുളം പി. ഒ., തിരുവല്ല - 689 544, പത്തനംതിട്ട ജില്ല, കേരള, ഇന്ത്യ
E-mail: gracetheological@gmail.com





ഗ്രെയ്സ് തിയോളജിക്കൽ കോളേജിൽനിന്നും ഗ്രാജുവേറ്റ് ആയ വിദ്യാർത്ഥികൾ അദ്ധ്യാപകർക്കൊപ്പം

| കോഴ്സ് | വർഷം | ഭാഷ | യോഗ്യത |
|---|---|---|---|
| Dip.Th | 1 | മലയാളം | S.S.L.C |
| B.Th | 3 | മലയാളം | S.S.L.C Passed |





പാസ്റ്റർ.റെന്നി ഇടപ്പറമ്പിൽ
(ചെയർമാൻ & ഫൗണ്ടർ)

ജോലി, കുടുംബം, ശുശ്രൂഷ, ഉപരിപഠനം,
സാമ്പത്തികം മുതലായ
കാരണത്താൽ സെമിനാരിയിൽ പോയി
വേദപഠനം നടത്താൻ കഴിയാത്തവർക്കായി
ഇതാ
ഒരു സന്തോഷ വാർത്ത....
നിങ്ങൾ ആയിരിക്കുന്ന സ്ഥലത്ത് പാഠപുസ്തകങ്ങൾ
തപാലിലൂടെ എത്തിച്ച് ക്രമീകൃതമായി ആഴത്തിൽ
പഠിക്കുവാനുള്ള അവസരം ഒരുക്കുന്നു...

## അഡ്മിഷൻ തുടരുന്നു

ഫോൺ: 0469 275 1000, 09744642247



## SHARON FELLOWSHIP CHURCH KUWAIT

(A CONSTITUENT CHURCH UNDER NECK/KTMCC)





| | | | |
|---|---|---|---|
| Sunday | Worship Service | 7 pm to 9 pm | AB HALL, NECK |
| Tuesday | Cottage Meetings | 7.00 pm to 9 pm | Believer's residence |
| Thursday | Worship Service | 6.30 pm to 9 pm | EBENEZER Auditorium, Abbasiya |
| Friday | Sunday School | 7.15 am to 8.15 am | EBENEZER Auditorium, Abbasiya |
| Friday | Fasting Prayer | 8.20 am to 10.30 am | EBENEZER Auditorium, Abbasiya |
| Saturday | Ladies Prayer | 6 pm to 7.30pm | Believers residences |
| Saturday | Camp Meeting | 7 pm to 8:30 pm | Amghara Cam |

Besides this, first Wednesday/Thursday & Friday of each month three days continuous Second Friday Morning Youth Meeting (CEM) etc.

Pastor P.A. Aniyan - Minister incharge
Tel: +96 524342904, 50021237
e-mail: pastor@sharonkuwait.com
www.sharonkuwait.com

# ഖത്തർ ശാരോൻ ഫെലോഷിപ്പ് ചർച്ച്

## പിന്നിട്ട വഴികളിലേക്ക് ഒന്നു തിരിഞ്ഞു നോക്കുമ്പോൾ...

**ബിജു സ്കറിയ, മെഴുവേലി**

"ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല" എന്ന് വാഗ്ദത്തം ചെയ്ത കർത്താവിന്റെ വിശ്വസ്തത...

ഖത്തറിലുള്ള ശാരോൻ സഭയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് പത്താം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ഇന്നയോളം നടത്തിയ കർത്താവിന്റെ കരുതലുകൾ ഓർത്ത് നന്ദിയാൽ മിഴികൾ ഈറനണിയുന്നു.

2008 മാർച്ച് മാസം 7-ാം തീയതി 12 വ്യക്തികളുമായി ദോഹയിലുള്ള സ്കിൽസ് ഡെവലപ്പ്മെന്റ് സെന്ററിൽ പ്രാർത്ഥിച്ച് ആരംഭിച്ച സഭായോഗത്തോടെ ഖത്തറിലുള്ള ശാരോൻ സഭയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാൻ സർവ്വശക്തനായ ദൈവം ഇടയാക്കി. ആരംഭദിനം മുതൽ ഇന്നേവരെ ദൈവം നടത്തിയ വിധങ്ങൾ, അത് വെറും വാക്കുകളാക്കി ഒരു പേപ്പറിൽ എഴുതി തീർക്കുവാൻ സാധ്യമല്ല, കാരണം അവയെല്ലാം നന്ദിയാൽ ഉള്ളം നിറയുന്ന അനുഭവങ്ങളായിരുന്നു. പ്രാരംഭദിനം മുതൽ ഇന്നയോളം ദോഹയിലെ ശാരോൻ സഭയുടെ ഒരു അംഗം എന്ന നിലയിൽ സഭയുടെ പ്രവർത്തനങ്ങളേയും ദൈവം നടത്തിയ അനുഭവങ്ങളിൽ ഓർമ്മയിൽ ഓടിയെത്തിയ ചില വസ്തുതകളും ഇവിടെ കുറിക്കട്ടെ!

മെഴുവേലി ശാരോൻ ഫെലോഷിപ്പ് സഭാംഗമായ പാസ്റ്റർ സാം തോമസ് ഔദ്യോഗിക ജോലിയോടനുബന്ധിച്ച് അബുദാബിയിൽ ആയിരിക്കുമ്പോൾ പ്രവാചകനായ കൊട്ടാരക്കര ശാമുവേൽ പാസ്റ്ററിലൂടെയാണ് "എന്റെ ആടുകളെ മേയ്ക്ക" എന്ന ദൈവം നിയോഗം 2004-ൽ കേൾക്കുന്നത്. അന്നാളുകളിൽ ദൈവനാമ മഹത്വത്തിനായി പല നിലകളിൽ താൻ വ്യാപൃതനായിരുന്നു എങ്കിൽ തന്നെയും സഭാപരിപാലനം എന്നുള്ള ദൗത്യം തന്നിൽ നിന്നും കർത്താവ് ആഗ്രഹിക്കുന്നതായും ആയതിനായുള്ള ചുവടുകൾ വയ്ക്കുവാൻ ഇനിയും കാലദൈർഘ്യം വയ്ക്കരുതെന്നുമുള്ള ദൈവീക ആലോചന വീണ്ടും വീണ്ടും തനിക്ക് ലഭിക്കുകയുണ്ടായി.

2007 ഒക്ടോബറിൽ താൻ ഔദ്യോഗിക ജോലിയോടനുബന്ധിച്ച് ദോഹയിലേക്ക് പോകുന്നു എന്നറിഞ്ഞ ശാരോൻ ഫെലോഷിപ്പ് സഭാനേതൃത്വം (ആ കാലയളവിൽ സഭാ പ്രസിഡന്റായിരുന്ന റവ. ഡോ. റ്റി.ജി. കോശി) ദോഹയിൽ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഒരു പ്രവർത്തനം ആരംഭിക്കുവാൻ ഉള്ള ദൗത്യം തന്നെ ഭരമേല്പിച്ചു.

ദൈവം ഏല്പിച്ച ആ വലിയ ഉത്തരവാദിത്വം ശിരസ്സാവഹിച്ച കർതൃദാസൻ 2008 മാർച്ച് 7 ന് പ്രാർത്ഥിച്ചാരംഭിച്ച സഭായോഗത്തോടെ ദോഹയിലെ ശാരോൻ സഭയുടെ പ്രവർത്തനങ്ങൾക്ക് നന്ദികുറിക്കുവാൻ ഇടയായി. പ്രവർത്തനങ്ങളുടെ ആരംഭകാലങ്ങളിൽ തിക്താനുഭവങ്ങൾ പലതും അഭിമുഖീകരിക്കേണ്ടി വരികയും വേർപ്പെട്ട ദൈവമക്കൾപോലും എതിർക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്തു. എന്നാൽ ദൈവകരം അനുകൂലമായിരുന്നതിനാൽ പ്രതികൂലമായി ഒന്നും ഉയർന്നുവരുവാൻ സർവ്വശക്തൻ അനുവദിച്ചില്ല.



പാസ്റ്റർ സാം തോമസും കുടുംബവും

സഭാ പ്രവർത്തനം ആരംഭിക്കുമ്പോൾ ദൈവ ദാസന്റെ കുടുംബത്തോടൊപ്പം ഒരു കുടുംബം മാത്രമാണുണ്ടായിരുന്നത്. ശിഷ്ടമുള്ളത് ഏകരായി ഈ ദേശത്ത് ജോലിയോടനുബന്ധിച്ച് കടന്നുവന്ന സഹോദരങ്ങൾ ആയിരുന്നു. ദൈവത്തിന്റെ മഹാകരുണയാൽ അനേകം ദൈവമക്കൾ കുടുംബങ്ങളായും ഏകരായും ഒരുമിച്ച് കൂടി ഇന്ന് ദൈവത്തെ ആരാധിക്കുന്നു.

പാസ്റ്റർ സാം തോമസിന്റെ ഉള്ളിൽ ദൈവം പകർന്നിരിക്കുന്ന ആത്മഭാരവും പ്രതിഫല ഇച്ഛയില്ലാതെയുള്ള കഠിനാധ്വാനവും സഭയുടെ വളർച്ചയുടെ പ്രധാന ഘടകങ്ങളാണ്. ദൈവദാസന്റെ കുടുംബം സിസ്റ്റർ സൂസൻ സാമും സഭയുടെ വളർച്ചയുടെ പിന്നിൽ മാറ്റി നിർത്തുവാൻ കഴിയാത്ത ഒരു വ്യക്തിത്വമാണ്. പ്രാർത്ഥന എന്ന ആയുധവർഗ്ഗം ഏറ്റെടുത്തുകൊണ്ട് സദാ ദൈവത്തോട് അഭയയാചന കഴിച്ചുകൊണ്ടേയിരിക്കുന്നു. ദൈവദാസന്റെ ശുശ്രൂഷയുടെ കൈത്താങ്ങളിനായി. സിസ്റ്റർ സൂസൻ തന്റെ നാട്ടിലുള്ള സർക്കാർ ജോലി രാജി വെയ്ക്കുകയുണ്ടായി. മകൻ സോണി ജോലിയോടനുബന്ധിച്ചും മകൾ സുമി പഠനത്തോടനുബന്ധിച്ചും ബാംഗ്ലൂറിൽ ആയിരിക്കുന്നു. സഭാ വിശ്വാസികൾ എല്ലാവരും തന്നെ പൂർണ്ണ പിന്തുണയുമായി ദൈവദാസനോടൊപ്പം സദാ കൂടെയുണ്ട്. അത് പ്രാർത്ഥനയിലും പ്രവർത്തനത്തിലും.

തന്റെ അജഗണത്തിലെ ആടുകളെ എല്ലാം ഒരേപോലെ കാണുന്ന, മനസ്സിലാക്കുന്ന കരുതുന്ന ഒരു ദൈവദാസൻ എന്ന നിലയിൽ പാസ്റ്റർ സാം തോമസിന്റെ കാഴ്ചപ്പാട് ശ്രദ്ധേയമാണ്. ഓരോ വിശ്വാസിക്കും തങ്ങളുടെ ഏത് വ്യക്തിപരമായ വിഷയം പോലും പങ്ക് വയ്ക്കുവാൻ ദൈവദാസൻ അവസരവും അനുവാദവും കൊടുത്തിട്ടുണ്ട്. ഈ ചൂടേറിയ മരുഭൂമിയിൽ എത്തപ്പെടുന്ന ഒരു വിശ്വാസിക്ക് തന്മൂലം ലഭിക്കുന്നത് ഒരു പിതൃവാത്സല്യവും.



**ഭവനസമർപ്പണം സഭാ വൈസ് പ്രസിഡന്റ് പാസ്റ്റർ പി.എം. ജോൺ നിർവ്വഹിക്കുന്നു. പാസ്റ്റർമാരായ സാം തോമസ്, പി.സി. മാത്യു, എം.ടി. വർഗീസ് എന്നിവർ സമീപം**

വെള്ളിയാഴ്ചകളിൽ സഭായോഗമായി മാത്രം ആരംഭിച്ച കൂടിവരവ്, ഇന്ന് ആഴ്ചയുടെ ആറു ദിവസവും മീറ്റിംഗുകൾ നടത്തപ്പെടുന്നു. അൽഖോർ, മിസയ്ദ്, ഷഹാനിയ എന്നീ സ്ഥലങ്ങളിലുള്ള ക്യാമ്പുകളിൽ ചൊവ്വ, വ്യാഴം, ശനി എന്നീ ദിവസങ്ങളിൽ യഥാക്രമം മീറ്റിംഗുകൾ നടത്തപ്പെടുന്നു. സഭയിൽ കഴിവുമുള്ളവരെ ആത്മീയമായി വളർത്തിക്കൊണ്ടു വരുന്നതിൽ താത്പര്യമുള്ള ദൈവദാസൻ അപ്രകാരമുള്ള സഹോദരങ്ങളെ ക്യാമ്പുകളിൽ മീറ്റിംഗുകൾക്ക് അയക്കുകയും ശക്തമായി അവർ ദൈവവചനം പ്രസ്താവിക്കുകയും ചെയ്യുന്നു.

ദൈവദാസന്റെ അസാന്നിധ്യത്തിൽ പോലും ദൈവ സഭയെ നയിക്കുന്നതിനും വചനം സംസാരിക്കുന്നതിനും കഴിവും പ്രാഗത്ഭ്യവുമുള്ള സഹോദരങ്ങൾ ദൈവസഭയിൽ ഉള്ളത് ദൈവദാസന്റെ ആത്മീയ ദർശനത്തിന്റെ ഒരു ഭാഗമാണ്.

സഭാവിശ്വാസികൾ ഏറിയ പങ്കും തുച്ഛമായ വേതനയിൽ ജോലി ചെയ്യുന്നവരാണ്. എങ്കിൽ പോലും ദൈവനാമത്തിന് വേണ്ടി ചില വിടുവാൻ യാതൊരു മടിയും ഇല്ലാത്തതിനാൽ, ദൈവം അവരവർക്ക് നല്കിയ കഴിവിനൊത്തവണ്ണം ദൈവനാമ മഹത്വത്തിനായി ഇന്നാളുകളിൽ പലനിലകളിൽ സഹായം ചെയ്തു കൊണ്ടിരിക്കുന്നു.

ഇന്ത്യയിൽ ഒറീസ്സ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ സഭയ്ക്ക് മിഷൻ ഫീൽഡും ദൈവദാസന്മാരും ഉണ്ട്. കേരളത്തിലും ചില സെന്ററുകളിലെ ദൈവദാസന്മാരെ സഹായിച്ചു വരുന്നു. കൂടാതെ ജീവകാരുണ്യ പ്രവർത്തനങ്ങളായ വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, ഭവന നിർമ്മാണം, കർത്തൃശുശ്രൂഷയിൽ ആയിരിക്കെ അപകടങ്ങളിൽ പെട്ട് ഭവനങ്ങളിൽ വിശ്രമിക്കുന്ന ദൈവദാസന്മാർക്കുള്ള സഹായം എന്നീ നിലകളിൽ സാമ്പത്തികമായി സഹായ ഹസ്തങ്ങൾ തുറക്കുവാൻ ഇടയായി തീരുന്നതും ദൈവം സഭയ്ക്ക് നല്കിയിരിക്കുന്ന ആത്മീയ ദർശനത്തിന്റെ ഒരു ഭാഗമാകുന്നു.

ശാരോൻ പ്രസ്ഥാനത്തിന്റെ വിവിധ കൺവൻഷൻ ഫണ്ടുകൾ, സി.ഇ.എം ഫണ്ട്, സൺഡേസ്കൂൾ ഫണ്ട്, പെൻഷൻ ഫണ്ട് എന്നിവയിലും സഭ തുടർമാനമായി സഹായിച്ചു വരുന്നു.

ചൂടേറിയ ഈ മരുഭൂമിയിൽ ജോലി തേടിയെത്തുവരിൽ പലരേയും വിശ്വാസികളായ സഹോദരങ്ങൾ സഭാരാധനയിലേക്ക് കൂട്ടികൊണ്ടുവരികയും അവർ ദൈവവചനം കേൾക്കുകയും ദൈവനാമ മഹത്വത്തിനായി അവർ ജീവിക്കുന്നതും ദൈവത്തിനായി തങ്ങളെ സമർപ്പിക്കുവാൻ ഇടയാകുന്നതും ദൈവനാമ മഹത്വത്തിനായി കുറിക്കട്ടെ!

ദൈവസഭയിലെ ഒരംഗമായിരുന്ന റാന്നി-കണ്ണംപള്ളി ശാരോൻ സഭയിലെ കർത്താവിൽ നിദ്ര പ്രാപിച്ച ബ്രദർ ജോയിയുടെ ഓർമ്മകൾ മനസ്സിൽ ഓടിയെത്തിയത് ദൈവനാമ മഹത്വത്തിനായി കുറിക്കുന്നു.

ഒരുനാൾ താൻ റോഡ് ക്രോസ് ചെയ്യവെ ഒരു വാഹനം തന്നെ ഇടിക്കുകയും ഇടിയുടെ ആഘാതത്തിൽ താൻ ഓർമ്മ നഷ്ടപ്പെട്ട് കിടക്കയിൽ നിന്നും എഴുന്നേല്ക്കുവാൻ കഴിയാതെ ചില മാസങ്ങൾ.

ആശുപത്രിയിൽ ആയിരുന്നു. ആ നാളുകളിൽ ദൈവസഭയുടെ പ്രാർത്ഥനയും സഹകരണവും തന്റെ കുടുംബത്തോടുള്ള ബന്ധത്തിൽ സഭകാണിച്ച കൂട്ടായ്മയും ദൈവസഭയ്ക്ക് ദൈവം നല്കിയ ദർശത്തിന്റെ ഭാഗമായിരുന്നു. ഇന്ന് ദൈവസഭയിൽ തുള്ളിച്ചാടി നടക്കുന്ന ആൻഡ്രൂസ് ജോൺ എന്ന 3 വയസ്സുള്ള ബാലകൻ ദൈവ സഭയുടെ പ്രാർത്ഥനയുടെ മറുപടിയാണ്. ഒരു വയസ്സിനുള്ളിൽ രണ്ടു പ്രാവശ്യം ഓപ്പൺ ഹാർട്ട് സർജറി നടത്തിയ പൈതലിന്റെ സർജൻ, സ്വദേശിയായ ഡോക്ടറുടെ വാക്കുകൾ ഇപ്രകാരമായിരുന്നു. "ഈ വിജയം ഒരത്ഭുതം തന്നെ, ഈ പ്രായത്തിൽ ഇപ്രകാരം വിജയകരമായി ഒരു സർജറി നടത്തപ്പെട്ടത് ഒരു ഭാഗ്യമാണ്. ഇത് ഞങ്ങളുടെ കഴിവല്ല" തീർത്തും അത് ഒരു ദൈവ പ്രവൃത്തി ആയിരുന്നു. ഇങ്ങനെ ഓർക്കുവാൻ എത്രയോ അനുഭവങ്ങൾ.

സർവ്വ ശക്തനായ ദൈവം വിഷയങ്ങൾക്ക് ഒന്നൊന്നായി മറുപടി തന്നു കൊണ്ടിരിക്കുന്നു, ഇന്നും ദൈവസഭ പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുന്നു. മടുത്തുപോകാതെ. ആത്മാവിൽ ഏത് നേരത്തും വിശ്വാസത്തോടെ.

ആഴ്ചയുടെ ഏറിയ ദിനവും സഭയുടെ കൂടിവരവുകൾ നടത്തെപ്പെടുന്നുണ്ട്. തിങ്കൾ ചൊവ്വ, വ്യാഴം എന്നീ ദിവസങ്ങളിൽ ക്യാമ്പുകളിലെ കൂട്ടായ്മയും ഞായറാഴ്ചകളിൽ വേദപഠന ക്ലാസും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തെപ്പെടുന്നു. വ്യാഴാഴ്ചകളിൽ കുട്ടികൾക്കുള്ള വേദപഠന ക്ലാസുകളും, മാസത്തിന്റെ അവസാന വ്യാഴം ഉപവാസ പ്രാർത്ഥനയും നടന്നു വരുന്നു. എല്ലാ വെള്ളിയാഴ്ചയും പകൽ 10-1 വരെ സഭായോഗമായി കൂടി വരുന്നു. യുവജന പ്രസ്ഥാനമായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ അനുഗ്രഹീതമായ ഓരോ മീറ്റിംഗ് എല്ലാ മാസവും നടത്തപ്പെടുന്നു. കൂടാതെ മാസം തോറും സഹോദരിമാരുടെ അനുഗ്രഹീതമായ ഒരു കൂട്ടായ്മയും, സഭാ വിശ്വാസികളുടെ ചെറുതും വലുതുമായ പ്രാർത്ഥനാ വിഷയങ്ങൾ ചിട്ടപ്പെടുത്തി ഇടവിടാതെ മദ്ധ്യസ്ഥത ചെയ്യുന്ന അനുഗ്രഹീതമായ ചെയ്ൻ പ്രെയറും നടത്തപ്പെടുന്നു.

ഖത്തറിൽ എത്തപ്പെടുന്ന ഒരു ദൈവ പൈതലിന് ആത്മീയമായി വളരുവാൻ തക്കതായ ഒരു കൂട്ടായ്മയാണ് ദോഹ ശാരോൻ ഫെലോഷിപ്പ് ചർച്ച്.

ഞങ്ങളുടെ ദൈവദാസന്റെ ദൈവത്തോടുള്ള ഒരു വലിയ പ്രാർത്ഥനയുണ്ട്. അത് താൻ പലപ്പോഴും ദൈവസഭയിൽ ഉരുവിടാറുണ്ട്.

"എനിക്ക് ഇവിടെ ഒരു മെഗാ ചർച്ചിന്റെ പാസ്റ്റർ ആകേണ്ടാ, പത്ത് പേരു മാത്രമേ ഉള്ളൂ എങ്കിലും അവർ നിത്യതയിൽ കാണേണം".

"വീഴാതെവണ്ണം നമ്മെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ള സർവ്വശക്തനായ ദൈവത്തിന് സകല മഹത്വവും അർപ്പിച്ചു കൊള്ളുന്നു."

### ആശംസകൾ

2017 ഡിസംബർ 25,26,27 തീയതികളിൽ കുട്ടിക്കാനത്തുവെച്ച് ദൈവഹിതമായാൽ നടക്കുവാൻ പോകുന്ന സി.ഇ.എം വജ്ര ജൂബിലി (60-ാം) ജനറൽ ക്യാമ്പിന് ഷാരോൻ ഫെലോഷിപ്പിന് ചർച്ച്, Qatar ന്റെ ആശംസകൾ. തിന്മയുടെ ശക്തികൾ നമ്മുടെ തലമുറകളെ സ്വാധീനിക്കുന്നതിനു മുൻപ് '"Transformation" എന്ന തീമിൽ കൂടെ ദൈവരാജ്യ വ്യാപ്തിക്കായി അവരെ ഒരുക്കുവാൻ ഈ ക്യാമ്പ് ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## ഖത്തർ ശാരോൻ ഫെലോഷിപ്പ് ചർച്ച് കൺവൻഷൻ 2018 ഒരുക്കങ്ങൾ ആരംഭിച്ചു

**ദോഹ:** ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ കൺവൻഷൻ ദൈവഹിതമായാൽ 2018 ഫെബ്രുവരി 12,13,14 തീയതികളിൽ വൈകിട്ട് 7 മുതൽ 9.30 വരെ Anglican സെന്ററിൽ വെച്ച് നടത്തപ്പെടും. സുപ്രസിദ്ധ കൺവൻഷൻ പ്രാസംഗികർ പാസ്റ്റർ രാജു മേത്ര (റാന്നി) പാസ്റ്റർ അനീഷ് കാവാലം (ചങ്ങനാശ്ശേരി) എന്നിവർ ദൈവവചനം ഘോഷിക്കും. സഭാ. 12:13 ആണ് കൺവൻഷൻ തീം. ബ്ര. ബിജു സഖറിയയുടെ നേതൃത്വത്തിലുള്ള ശാരോൻ കയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി വിപുലമായ കമ്മറ്റി രൂപീകരിച്ചു. പാസ്റ്റർ സാം തോമസ് (പ്രസിഡന്റ്), ബ്ര. ഷൈജു ബേബി (സെക്രട്ടറി), ബ്ര. ജേക്കബ് വി തോമസ് (ജോ.സെക്രട്ടറി), ബ്ര. റോബിൻ രാജു (ട്രഷറർ) എന്നിവരെ കൂടാതെ ബ്ര. പൊന്നൂസ് കാവുംങ്കൽ (പബ്ലിസിറ്റി), ബ്ര. ബാബുകുട്ടൻ (വോളന്റിയർ), ബ്ര. മജോ ജോർജ്, ബ്ര. ജസ്റ്റിൻ ഉമ്മൻ (ട്രാൻസ്പോർട്ടേഷൻ) എന്നിവർ വിവിധ ചുമതലകൾ നിർവഹിക്കുന്നു. കൺവൻഷന്റെ അനുഗ്രഹത്തിനായി ഒക്ടോബർ 15 മുതൽ ബ്ര. പ്രിൻസ് ചെറിയാന്റെ നേതൃത്വത്തിൽ വിശ്വാസികൾ തുടർമാനമായി പ്രാർത്ഥിച്ചു വരുന്നു.



പണികഴിപ്പിച്ച ഭവനം



ഭവനത്തിന്റെ താക്കോൽ ദാനം
പാസ്റ്റർ സാം തോമസ് നിർവ്വഹിക്കുന്നു



# ദൈവഹിതം തിരിച്ചറിയുക

**പാസ്റ്റർ കുര്യൻ മാത്യു**

എല്ലാ വ്യക്തികളെകുറിച്ചും ദൈവത്തിന് വ്യക്തമായ പദ്ധതികളുണ്ട്. നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെകുറിച്ച് നിരൂപിക്കുന്ന പദ്ധതികൾ എന്തെന്ന് ഞാൻ അറിയുന്നു. അവ തിന്മയ്ക്കല്ല നന്മയ്ക്കുള്ള പദ്ധതികളാണത്രെ എന്ന് യഹോവ അരുളി ചെയ്യുന്നു. (യിരെമ്യാവ് 29:11) നമ്മെ ലോകസ്ഥാപനത്തിന് മുന്നമേ ദൈവം കണ്ടു. അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിന് മുൻപേ ദൈവം നമ്മെ തെരഞ്ഞെടുത്തു. നാം ചെയ്തു പോരേണ്ടതായ മാസ്റ്റർ പ്ലാൻ ദൈവം മുന്നമേ തയ്യാറാക്കി വെച്ചിരിയ്ക്കുകയാണ്. ഒരു മനോഹര ഭവനം പണിയുന്നതിന് മുൻപേ ഉടമസ്ഥൻ ഒരു ആർക്കിടെക്ച്ചറെ കണ്ട് അതിന്റെ പ്ലാൻ തയ്യാറാക്കും. അതിനു ശേഷം ഒരു കോൺട്രാക്ടറെ പണി ഭരമേൽപ്പിയ്ക്കും. പണി ചെയ്യുന്ന ആൾ പണി എങ്ങനെ ചെയ്യണമെന്ന് ചിന്താകുഴപ്പത്തിലാകേണ്ട കാര്യമില്ല. തന്റെ കരങ്ങളിൽ ലഭിച്ചിരിക്കുന്ന പ്ലാൻ അനുസരിച്ച് പണി നടത്തിയാൽ മതി. ഇതു പോലെ ദൈവം നാം ആരാകണം, എന്തു ചെയ്യണം എന്ന് വ്യക്തമായ രൂപരേഖ തയ്യാറാക്കിയിരിക്കുകയാണ് അത് മനസ്സിലാക്കി ഒരോ ചുവടും വയ്ക്കുവാൻ നമ്മുക്ക് കഴിയണം.

നമ്മെക്കുറിച്ചുള്ള ദൈവഹിതം നമുക്ക് മനസ്സിലാകണമെങ്കിൽ ഒന്നാമത് മനസ്സ് പുതുക്കി രൂപാന്തരപ്പെടുത്തണം. (റോമർ 12:2) പുതുക്കം വന്ന മനസ്സിനെ മാത്രമേ ദൈവഹിതം തിരിച്ചറിയുവാൻ കഴിയുകയുള്ളു. ദമസ്ക്കോസിൽ വെച്ച് രൂപാന്തരം വന്നപ്പോഴാണ് ശൌലിന് മനസ്സിലായത് താൻ ദൈവജനത്തെ പീഡിപ്പിക്കേണ്ടവനല്ല. അനേകം സ്ഥലത്ത് കർത്താവിന്റെ സാക്ഷിയായി തീരേണ്ടവനാണ് എന്ന്. രണ്ടാമതായി ദൈവഹിതം തിരിച്ചറിയണമെങ്കിൽ നമ്മുടെ എല്ലാ വഴികളും ദൈവത്തെ നിനയ്ക്കണം. (സദൃശ്യവാക്യം 3:6) എന്നു പറഞ്ഞാൽ എല്ലാവഴികളിലും ദൈവത്തെ അംഗീകരിക്കണം. എല്ലാ കാര്യങ്ങളും ദൈവത്തെ ഭരമേല്പ്പിക്കുവാൻ കഴിയണം. ചില കാര്യങ്ങൾ മാത്രം പോരാ ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ വിഷയങ്ങളും ദൈവത്തിലർപ്പിയ്ക്കണം. നമ്മുടെ നിയന്ത്രണം സമ്പൂർണ്ണമായി ദൈവത്തിനായിരിക്കണം. അങ്ങനെയായൽ നാം ദൈവത്തിന്റെ മനുഷ്യരായി മാറുകയാണ്. നമ്മുടെ ജീവിതത്തിൽ അതാതു കാലഘട്ടത്തിൽ വന്നു ചേരേണ്ടതെല്ലാം ദൈവം നേരെകൊണ്ടുവരും. നാം ഇടയൻനയിക്കുന്നവഴിയെ പോയാൽ ബാക്കി പിറകെ വന്നു കൊള്ളും.

അവളിലൂടെ നിറവേറേണ്ട ദൈവപദ്ധതികൾ ഗബ്രിയേൽ ദൂതൻ അറിയിച്ചപ്പോൾ ഇതാ ഞാൻ കർത്താവിന്റെ ദാസി അവിടുത്തെ ഹിതം പോലെ എനിക്ക് ഭവിക്കട്ടെ എന്ന സമർപ്പണം മറിയ എടുത്തതുകൊണ്ടാണ് ദൈവ പുത്രൻ അവളിലൂടെ ജഡാവതാരം ചെയ്തത്. മോശെ സഹോദരൻമ്മാരുടെ വേല നോക്കുവാൻ പോയപ്പോൾ കണ്ട സംഭവത്തിന്റെ മുൻപിൽ അങ്ങോട്ടും ഇങ്ങോട്ടും നോക്കി എന്നാൽ മുകളിലേക്ക് നോക്കിയില്ല. (പുറപ്പാട് 2:12) അതുകൊണ്ട് സംഭവിച്ചത് വർഷങ്ങൾ നഷ്ട്ടപ്പെട്ടു. ന്യായാധിപൻമ്മാരുടെ കാലഘട്ടത്തിലെ യിസ്രായേലിൽ, ഒരോരുത്തൻ തനിക്ക് ബോധിച്ചവണ്ണം നടന്നുവെന്ന് നാം വായിക്കുന്നു. (ന്യായ 21:25) ബോധിച്ച വണ്ണം നടക്കാതെ ദൈവഹിതത്തിലേക്ക് നമുക്ക് മടങ്ങി വരാം ദൈവം നമുക്കുവേണ്ടി ഒരുക്കിയിട്ടിട്ടുള്ള ഏറ്റവും നല്ലത് പ്രാപിക്കാം. ദൈവഹിതം വിട്ട് നാം യാത്ര ചെയ്തിട്ട് മടങ്ങി വന്നാൽ ദൈവം ക്ഷമിക്കും. പക്ഷെ ഇതിനോടകം തിരുത്തുവാൻ കഴിയാത്ത ദുരിതത്തിൽ നാം അകപ്പെടും. ദൈവഹിതം വിട്ട് യാത്ര ചെയ്തിട്ട് ദുരിതങ്ങൾ സമ്പാദിക്കുന്നതിനേക്കാൾ നല്ലത് ദൈവീക പാതയിൽ യാത്ര ചെയ്യുന്നതാണ്. ദൈവീകപാതയിലൂടെ നാം യാത്രചെയ്താൽ സാത്താനാൽ ഉപയോഗിക്കപ്പെടുന്ന വർഷങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുകയില്ല.

പലരും ധരിച്ചിരിക്കുന്നത് ദൈവഹിതം നമ്മുടെ ജീവിതത്തിൽ നിറവേറിയാൽ അത് ഏതാണ്ട് താഴ്ന്ന അനുഭവമായിരിക്കും എന്നാണ്. ദൈവം നമുക്കുവേണ്ടി ക്രമീകരിച്ചിരിയ്ക്കുന്ന പദ്ധതികൾ ഏറ്റവും ബെസ്റ്റ് ആയിട്ടുള്ളതാണ്. ദൈവഹിതത്തിലൂടെ നാം യാത്ര ചെയ്യുമ്പോൾ ഒന്ന് നാം താഴ്മയും സൗമ്യതയും പഠിയ്ക്കും, രണ്ട് നമ്മുടെ ദൈനംദിന ജീവിതം സ്വസ്തതയുള്ളതായിരിക്കും. അബ്രഹാമിന്റെ മകനായ യിസ്ഹാക്കിന് തക്കതുണയെ തെരഞ്ഞെടുക്കേണ്ട വിഷയം ദൈവത്തെ ഭരമേൽപ്പിച്ചു. അടയാളം വെച്ച് ദാസൻ പ്രാർത്ഥിയ്ക്കുകയും തന്റെയും അബ്രഹാമിന്റെയും ആഗ്രഹം പോലെ നേരേയുള്ള പാതയിൽ തന്നെ ദൈവം നടത്തി; ദൈവം നിശ്ചയിച്ച റിബേക്കായെ ദൈവം കാണിച്ചു കൊടുക്കുകയും ചെയ്തു. ഏതൊരു വ്യക്തിയുടെയും പഠനം, ജോലി, വിവാഹം, ഭവനം ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും ദൈവത്തിന് പ്ലാൻ ഉണ്ട്. പ്രിയ സഹോദരാ നിന്നെ മറ്റുള്ളവർ തള്ളി നിനക്ക് ഒരു ഭാവി ഇല്ലെന്നും ഒന്നിനും കൊള്ളില്ലെന്നും ആര് വിധി എഴുതിയാലും അതിനെ എല്ലാം മാറ്റി എഴുതുന്നവൻ നിന്നോടു കൂടെയുണ്ട്. അവന്റെ വഴി തിരിച്ചറിയുക. മാതാപിതാക്കളെ മക്കൾ ആരായിത്തീരണമെന്ന് നിങ്ങൾ തീരുമാനിക്കാതെ ദൈവം ദൈവം തീരുമാനിക്കുന്ന മേഖലകളിൽ മക്കൾ എത്തിച്ചേരട്ടെ. ചിലർ മക്കൾ എന്തു പടിക്കണമെന്നുള്ളത് അടിച്ചേൽപ്പിക്കുകയാണ്. അതു പാടില്ല. ഒരിക്കൽ നേഴ്സിംഗ് പഠനം പൂർത്തീകരിക്കാൻ കഴിയാത്ത ഒരു പെൺകുട്ടിയുമായി മാതാപിതാക്കൾ എന്റെ അരികിൽ വന്നു. ആ മകൾ പറഞ്ഞത് എനിക്ക് നേഴ്സ് ആകുവാൻ താല്പര്യമില്ലായിരുന്നു എന്നാണ്. അഡ്മിഷൻ എടുക്കുന്നതിന്റെ തലേ രാത്രിയിൽ ഞങ്ങളുടെ വീട്ടിൽ പപ്പയും, മമ്മിയും വളരെ തർക്കത്തിലായിരുന്നു. രണ്ടുപേർക്കും മകളുടെ പഠനത്തിൽ വ്യത്യസ്ത അഭിപ്രായം. ദൈവം ആരു പറയുന്നത് കേൾക്കണം. വേറൊറു സന്ദർഭത്തിൽ വയോധികരായ മാതാപിതാക്കൾ തങ്ങൾ എവിടെ പാർക്കണം എന്നതിനെക്കുറിച്ച് പ്രാർത്ഥിക്കണം എന്ന് എന്നോടു പറഞ്ഞു. ആദ്യം നിങ്ങൾ തമ്മിൽ എവിടെ വേണമെന്ന് ഐക്യതയിൽ എത്തുക അതിനു ശേഷം പ്രാർത്ഥിക്കാം. ഇതു പറഞ്ഞപ്പോൾ ഭർത്താവ് പറഞ്ഞത് ഞങ്ങൾ തമ്മിൽ ഈ കാര്യത്തിൽ ഐക്യതയില്ല. എനിക്ക് നാട്ടിലും അവൾക്ക് ബോംബയിലുമാണ് താല്പര്യം. പ്രിയരെ സ്വന്തം ആലോചനപ്രകാരം നടക്കാതെ ദൈവഹിതത്തിലേക്ക് മടങ്ങാം. സ്വന്തം ആലോചന പ്രകാരം നടക്കുന്നത് ഹൃദയം കഠിനപ്പെട്ടവരാണ്. (സങ്കീ 81:1016). ഇവിടെ ദൈവം പറയുന്നത് യിസ്രായേൽ എന്റെ വാക്ക് കേൾക്കുകയും എന്റെ വഴികളിൽ നടക്കുകയും ചെയ്തിരുന്നു വെങ്കിൽ കൊള്ളാമായിരുന്നു. എന്നാൽ ഞാൻ വേഗത്തിൽ അവരുടെ ശത്രുക്കളെ കീഴടക്കുമായിരുന്നു. മേത്തരമായ ഗോതമ്പുകൊണ്ടും പാറയിൽ നിന്നുള്ള തേൻകൊണ്ടും തൃപ്തി വരുത്തുമായിരുന്നു.

പണ്ട് ഒരു സഭാ മേലദ്ധ്യക്ഷൻ പറഞ്ഞതു പോലെ നമ്മുടെ സഭയിൽ പട്ടക്കാരാകേണ്ട പലരും പട്ടാളക്കാരായും പട്ടാളക്കാരാകേണ്ട പലരും പട്ടക്കാരുമായി. നമ്മുക്ക് അങ്ങനെ വരാതിരിക്കട്ടെ. ദൈവഹിതം ജീവിതത്തിൽ നിറവേറുവാൻ നമ്മെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കാം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

ആമേൻ.

ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു
1 കൊരി. 1:23

**ശാരോൻ ഫെലോഷിപ്പ് ചർച്ച്**

**പാലക്കാട് ഡിസ്ട്രിക്റ്റ് കൺവൻഷൻ**

**2018 ജനുവരി 26 മുതൽ 28 വരെ**
**വൈകിട്ട് 6 മുതൽ9 വരെ**
**ഒലിപ്പാറ ശാരോൻ ഗ്രൗണ്ട്**

ഉദ്ഘാടനം
**പാസ്റ്റർ കെ.ആർ. ജോസ്**
(പാലക്കാട് സെന്റർ ശുശ്രൂഷകൻ)

സംഗീതം
**ശാരോൻ വോയ്സ്**
പാലക്കാട്

പ്രസംഗകർ
പാസ്റ്റർ റോബിൻസണ് ഗൂഡല്ലൂർ
പാസ്റ്റർ സജു, ചാത്തന്നൂർ
പാസ്റ്റർ അജി ആന്റണി, റാന്നി

കൂടുതൽ വിവരങ്ങൾക്ക് : 9497280011, 8157060834

**ശാരോൻ ഫെലോഷിപ്പ് ചർച്ച്**

**പത്തനംതിട്ട – പുനലൂർ**

**റീജിയൻ കൺവൻഷൻ**

**അപ്സര ഓഡിറ്റോറിയം, വെട്ടിത്തിട്ട, പുനലൂർ**

**2018 ജനുവരി 10 മുതൽ 13 വരെ**

സംഗീതം
ലെനിറ്റി ഗോസ്പൽ സിംഗേഴ്സ്

പ്രസംഗർ
**പാസ്റ്റർ കെ.ജി. മാത്യു**
(റീജിയൻ പ്രസിഡന്റ്)
**പാസ്റ്റർ തോമസ് യോഹന്നാൻ**
(റീജിയൻ അസോ. പ്രസിഡന്റ്)
**പാസ്റ്റർ വി.ജെ. തോമസ്**
(റീജിയൻ സെക്രട്ടറി)
**പാസ്റ്റർ പ്രിൻസ് തോമസ് റാന്നി**
**പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ**
**പാസ്റ്റർ റെജി ശാസ്താംകോട്ട**

# സി. ഇ. എം. എക്സിക്യൂട്ടീവ് കമ്മറ്റി 2017 – 2019



| | | | | | | | |
|---|---|---|---|---|---|---|---|
| **Pr.Philip Abraham**<br>General President | **Pr.Sovi Mathew**<br>Vice President | **Pr. Rajeev G.**<br>Vice President | **Pr.George Mundakan**<br>General Secretary | **Bro. Nikhil Xavier**<br>Jt. Secretary | **Bro. Aby Baby**<br>General Treasurer | **Pr. Jose George**<br>Jt. Treasurer | **Pr. Jomon Joseph**<br>General Co-ordinator |



| | | | | | | | |
|---|---|---|---|---|---|---|---|
| **Pr.Samson P. Thomas**<br>Membership Secretary | **Bro. Roshy Thomas**<br>Talent Test Secretary | **Pr. Siji Johnson**<br>Media & Literature | **Pr. G. Jose**<br>Publicity | **Pr. Biju Joseph**<br>Member | **Pr. Shibu Mathew**<br>Member | **Pr. Suresh Kumar R. P.**<br>Member | **Pr. Binu Abraham**<br>Member |



| | | | | | | |
|---|---|---|---|---|---|---|
| **Pr. Habel G.**<br>Member | **Pr. Samkutty John**<br>Member | **Pr. Tony Thomas**<br>Member | **Pr. Sajomon**<br>Member | **Pr. M.J. Varghese**<br>Member | **Pr. Saju Mavelikkara**<br>Member | **Bro. Ajith George**<br>Member |

**President**
+91 9447366239
**Secretary**
+91 9447010319
**Treasurer**
+91 9447331348

## സി. ഇ. എം. ഏരിയാ കോർഡിനേറ്റേഴ്സ്



| | | | |
|---|---|---|---|
| പാസ്റ്റർ ബിനിൽ സ്കറിയ<br>കോട്ടയം | പാസ്റ്റർ അജോയി<br>കൊല്ലം | പാസ്റ്റർ ബ്ലസ്സൻ ജോർജ്ജ്,<br>തൊടുപുഴ | പാസ്റ്റർ ജെബു ജോർജ്,<br>ഹൈറേഞ്ച് |



| | | | |
|---|---|---|---|
| പാസ്റ്റർ ജോൺപി. തോമസ്<br>പത്തനംതിട്ട | പാസ്റ്റർ ജോസ് ജോർജ്,<br>അടൂർ | പാസ്റ്റർ എം. ജി. മോനച്ചൻ,<br>പുനലൂർ | പാസ്റ്റർ പ്രിൻസ് എൻ ജെ,<br>തിരുവല്ല |



| | | | |
|---|---|---|---|
| പാസ്റ്റർ സജി വർഗീസ്<br>പെരുമ്പാവൂർ | പാസ്റ്റർ എൽദോസ് കെ<br>കുര്യാക്കോസ്, വയനാട് | പാസ്റ്റർ ലിജോ വി ജെ,<br>തൃശൂർ, പാലക്കാട് | പാസ്റ്റർ പോൾസൺ ഇ. എസ്<br>ആലുവ |



| | | | |
|---|---|---|---|
| പാസ്റ്റർ സുരേഷ്കുമാർ<br>കൊട്ടാരക്കര | പാസ്റ്റർ ബിജു കെ. തോമസ്<br>മാവേലിക്കര, ചെങ്ങന്നൂർ | ബ്രദർ ബിജു ചെറിയാൻ<br>മല്ലപ്പള്ളി | പാസ്റ്റർ പി. കെ. മനോജ്<br>ഇടുക്കി |



| | | | |
|---|---|---|---|
| പാസ്റ്റർ വിനോദ്<br>നെയ്യാറ്റിൻകര | പാസ്റ്റർ ജോസ്<br>പൊടിക്കുഞ്ഞ്<br>റാന്നി | പാസ്റ്റർ എൽദോസ്<br>പി. ജോസഫ്<br>കോഴിക്കോട് - കണ്ണൂർ | പാസ്റ്റർ ഷിബു വർഗീസ്<br>തൃശ്ശൂർ - പാലക്കാട് |


**www.cemtiruvalla.org**
**e-mail: cemtiruvalla@gmail.com**




ആരാധന: വെള്ളിയാഴ്ച 9.30 am - 12.30 pm (സെന്റ് ജോർജ് ചാപ്പൽ, ട്രിനിറ്റി)

**സൺഡേസ്കൂൾ:**
വെള്ളിയാഴ്ച 7.45 am - 9.00 am
(സെന്റ് ബർത്തലോമിയോ ഹാൾ, ട്രിനിറ്റി)

**ബൈബിൾ ക്ലാസ്സ്:**
വ്യാഴാഴ്ച 8.30 pm - 10.00 pm
(ഹാൾ C-3, ട്രിനിറ്റി)

**സി.ഇ.എം. മീറ്റിംഗ്:**
എല്ലാ മാസത്തിന്റെയും മൂന്നാമത്തെ വെള്ളി
11.00 am - 12.30 pm

**വനിതാസമാജം മീറ്റിംഗ്:**
എല്ലാ മാസത്തിന്റെയും നാലാമത്തെ വെള്ളി
6.00 pm - 8.00 pm

**ഉപവാസപ്രാർത്ഥന:**
എല്ലാ മാസത്തിന്റെയും
അവസാന ബുധൻ, വ്യാഴം ദിവസങ്ങളിൽ

**കൂടുതൽ വിവരങ്ങൾക്ക്:**
**പാസ്റ്റർ ഷിബു മാത്യു– 0569832949**
**ബ്രദർ സാം പി. മത്തായി – 0553711835**



Printerd and Published by Christian Evangelical Movement General Committee, Sharon, Tiruvalla. Design & Layout: Global, Tvla. Ph: 2634355.
Printed at Mangalam, Kottayam for Graphic Systems, Mallappally